2025JANUARY
28
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




## റേഷൻ വ്യാപാരികളുടെ സമരം പിൻവലിച്ചു




**തിരുവനന്തപുരം:** സംസ്ഥാനത്തെ റേഷൻ വ്യാപാരികൾ അനിശ്ചിത കാലത്തേക്ക് തുടങ്ങിയ സമരം പൂർണ്ണമായും പിൻവലിച്ചതായി ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ പറഞ്ഞു. വ്യാപാരികളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് സമരം ഒത്തുതീർപ്പിൽ എത്തിയത്. ഓരോ മാസത്തെയും കമ്മീഷൻ അടുത്ത മാസം പതിനഞ്ചാം തീയതിക്കുള്ളിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും. എല്ലാ മാസവും 10 മുതൽ 15 തീയതിക്കുള്ളിൽ റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ നൽകുന്ന രീതിയിൽ വ്യവസ്ഥയുണ്ടാക്കാൻ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. റേഷൻ വ്യാപാരികളുടെ കമ്മീഷൻ പരിഷ്ക്കരണം സംബന്ധിച്ച ചർച്ചകൾ മാർച്ചിൽ തുടങ്ങും. അർഹമായ വർധനവ് വേഗത്തിൽ നടപ്പിലാക്കും. അഞ്ച് സംഘടനകളുടെ ആഭിമുഖ്യത്തിൽ നടന്ന ചർച്ചയിൽ വ്യാപാരികൾ തീരുമാനങ്ങൾ അംഗീകരിച്ചു. നാളെ രാവിലെ മുതൽ എല്ലാ റേഷൻ കടകളും പ്രവർത്തിക്കുമെന്നും മന്ത്രി വാർത്താ സമ്മേളനത്തിൽ അറിയിച്ചു.റേഷൻ വ്യാപാരികൾ ഉന്നയിച്ച ആവശ്യങ്ങൾ പഠിക്കുന്നതിനായി നിയോഗിച്ച സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന മൂന്നംഗ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.സാമ്പത്തികകാര്യങ്ങൾ ഉൾപ്പെടുന്ന വ്യാപാരികളുടെ ആവശ്യങ്ങൾ പ്രായോഗികതകൂടി ചർച്ച ചെയ്ത് നടപടി സ്വീകരിക്കും. റേഷൻ കടകളുടെ വരുമാനം വർധിപ്പിക്കുന്നതിന് പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപ്പനങ്ങൾ വിൽക്കുന്ന കെ സ്റ്റോറുകളായി മാറ്റുന്നത് ഉൾപ്പടെ വ്യാപാരികളെ സഹായിക്കുന്ന നിരവധി തീരുമാനങ്ങൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.മന്ത്രി ജി ആർ അനിലിന്റെ അധ്യക്ഷതയിൽ നടന്ന ചർച്ചയിൽ സിവിൽ സപ്ലൈസ് കമ്മീഷണർ മുകുന്ദ് ടാക്കൂർ, വകുപ്പിലെ മറ്റ് ഉന്നത ഉദ്യോഗസ്ഥർ, റേഷൻ കോർഡിനേഷൻ കമ്മിറ്റിയെ പ്രതിനിധീകരിച്ച് ജി. സ്റ്റീഫൻ എം.എൽ.എ, ജോണി നെല്ലൂർ, മുഹമ്മദലി, മോഹനൻപിള്ള, ജി. കൃഷ്ണപ്രസാദ്, കാറേറ്റ് സുരേഷ്, ബിജു കൊട്ടാരക്കര, കാടാമ്പുഴ മൂസ, ശശിധരൻ, കെ.ഇ.ആർ.എഫ് (എ.ഐ.റ്റി.യു.സി) വർക്കിംഗ് പ്രസിഡന്റ് അഡ്വ. ആർ. സജിലാൽ, ജനറൽ സെക്രട്ടറി പി.ജി. പ്രിയൻകുമാർ, മീനാങ്കൽ സന്തോഷ് എന്നിവർ പങ്കെടുത്തു.

## കടുവ സാന്നിധ്യം
# പരിശോധന തുടരും

■ ഓപ്പറേഷൻ പദ്ധതി തയ്യാറാക്കാൻ നിർദ്ദേശം നൽകി

■ കടുവയുടെ മരണകാരണം പോസ്റ്റുമോർട്ടത്തിൽ വ്യക്തമാകും

**തിരുവനന്തപുരം:** വയനാട്ടിലെ പഞ്ചാരക്കൊല്ലിയിൽ ഭീതി വിതച്ച കടുവയെ ചത്ത നിലയിൽ കണ്ടെത്തിയെങ്കിലും ജില്ലയിൽ കടുവ സാന്നിധ്യം സംശയിക്കുന്ന മറ്റു സ്ഥലങ്ങളിൽ വനം വകുപ്പ് പ്രത്യേക സംഘം ഇന്നും നാളെയുമായി പരിശോധന തുടരുമെന്ന് മന്ത്രി എ കെ ശശീന്ദ്രൻ വ്യക്തമാക്കി. കടുവയെ ചത്ത നിലയിൽ കണ്ടെത്തിയത് മലയോര ജനതയ്ക്കും പഞ്ചാരക്കൊല്ലിയിലെ ജനങ്ങൾക്കും അങ്ങേയറ്റം ആശ്വാസകരമാണ്. കടുവ സാന്നിധ്യം സംശയിക്കുന്ന മറ്റ് പ്രദേശങ്ങളിലും തെരച്ചിൽ തുടരാനുള്ള ഓപ്പറേഷൻ പദ്ധതി തയ്യാറാക്കാനും ക്രമീകരണങ്ങൾ ഏർപ്പെടുത്താനും ചീഫ് വൈൽഡ് ലൈഫ് വാർഡനും വയനാട് ജില്ലാ കളക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്, മന്ത്രി വ്യക്തമാക്കി. തുടർനടപടികൾ മുഖ്യമന്ത്രിയെ ധരിപ്പിച്ചിട്ടുണ്ട്. പഞ്ചാരകൊല്ലിയിൽ സംഭവിച്ചത് പോലെയുള്ള വിഷയങ്ങളിൽ പെട്ടെന്ന് നൂറു ശതമാനം പരിഹാരം പ്രതീക്ഷിക്കരുത്. വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് ജാഗ്രതക്കുറവ് ഉണ്ടായാൽ അത് ചൂണ്ടിക്കാണിക്കപ്പെടുകയും ഭരണകൂടം തിരുത്തൽ നടത്തുകയും ചെയ്യും. എന്നാൽ, ജനങ്ങളുടെ മനസ്സിൽ വനം വകുപ്പ് ഉദ്യോഗസ്ഥരെ കുറിച്ച് ഇപ്പോഴും നേരത്തെയുള്ള ചിത്രമാണുള്ളത്. പഞ്ചാരക്കൊല്ലിയിലെ ദൗത്യം രാപ്പകലില്ലാതെ ജീവൻ അപകടത്തിൽപ്പെടുത്തിയാണ് ഉദ്യോഗസ്ഥർ ചെയ്തത്. അവിടെ സ്ത്രീ കൊല്ലപ്പെട്ടശേഷം നടന്ന കൂടിയാലോചന യോഗത്തിലെ തീരുമാനങ്ങളെ നാട്ടുകാർ ആവേശപൂർവ്വമാണ് സ്വീകരിച്ചത്. ഇത്തരം സംഭവങ്ങൾ ആവർത്തിച്ചാൽ ജനപ്രതിനിധികളും ഉ ദ ്യാഗസ്ഥരും തമ്മിൽ ആശയവിനിമയം നടത്തി ജനങ്ങൾക്ക് സമാധാനം ഉറപ്പുവരുത്തുന്ന നടപടികളാണ് കൈക്കൊള്ളുക. കടുവ ചത്തതിന്റെ കാരണം ഉൾപ്പെടെയുള്ള കൂടുതൽ വിവരങ്ങൾ പോസ്റ്റ്മോർട്ടത്തിൽ വ്യക്തമാകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.



## വ്യാജ സൗന്ദര്യ വർദ്ധക വസ്തുക്കൾ
# ഓപ്പറേഷൻ സൗന്ദര്യ ;മൂന്നാം ഘട്ടം ഉടൻ

■ 7 ലക്ഷത്തിലധികം രൂപ വില വരുന്ന കോസ്മെറ്റിക് ഉൽപ്പന്നങ്ങൾ പിടിച്ചെടുത്തു.

■ 33 സ്ഥാപനങ്ങൾക്കെതിരെ കേസ്

**തിരുനവനന്തപുരം:** വ്യാജ സൗന്ദര്യ വർദ്ധക വസ്തുക്കൾ വിപണിയിലെത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ 'ഓപ്പറേഷൻ സൗന്ദര്യ' മൂന്നാം ഘട്ടം ഉടൻ ആരംഭിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണ ജോർജ്. ഓപ്പറേഷൻ സൗന്ദര്യയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ നടത്തിയ പരിശോധനകളിൽ സൗന്ദര്യ വർദ്ധക വസ്തുക്കളിൽ ശരീരത്തിന് ഹാനീകരമാകുന്ന അളവിൽ രാസവസ്തുക്കൾ ചേർത്തിട്ടുണ്ടെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് നടപടി. സൗന്ദര്യ വർദ്ധക വസ്തുക്കൾ വാങ്ങി ഉപയോഗിക്കുന്നവർ ശ്രദ്ധിക്കണം. ഇത്തരം ഉത്പ്പന്നങ്ങൾ മതിയായ ലൈസൻസോട് കൂടി നിർമ്മിച്ചതാണോ എന്നും നിർമ്മാതാവിന്റെ മേൽവിലാസം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും ലേബൽ പരിശോധിച്ച് വാങ്ങണം. പരാതിയുള്ളവർ ഡ്രഗ്സ് കൺട്രോൾ വകുപ്പിനെ 18004253182 എന്ന ടോൾ ഫ്രീ നമ്പരിൽ വിവരം അറിയിക്കേണ്ടതാണെന്നും മന്ത്രി അറിയിച്ചു.ഓപ്പറേഷൻ സൗന്ദര്യയിലൂടെ 2023 മുതൽ രണ്ടു ഘട്ടങ്ങളിലായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് സംസ്ഥാന വ്യാപകമായി പരിശോധനകൾ നടത്തിയിരുന്നു. മതിയായ ലൈസൻസുകളോ കോസ്മെറ്റിക്സ് റൂൾസ് 2020 നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളോ പാലിക്കാതെ നിർമ്മിച്ച് വിതരണം നടത്തിയ ഏകദേശം 7 ലക്ഷത്തിലധികം രൂപ വില വരുന്ന വിവിധ കോസ്മെറ്റിക് ഉത്പ്പന്നങ്ങൾ പിടിച്ചെടുക്കുകയും 33 സ്ഥാപനങ്ങൾക്കെതിരെ കേസുകളെടുക്കുകയും ചെയ്തു.ശേഖരിച്ച സാമ്പിളുകൾ വകുപ്പിന്റെ തിരുവനന്തപുരം, എറണാകുളം ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി. ഇത്തരത്തിൽ പരിശോധനയ്ക്ക് വിധേയമാക്കിയ ലിപ്സ്റ്റിക്, ഫേസ് ക്രീം സാമ്പിളുകളിൽ അനുവദനീയമായതിൽ കൂടുതൽ അളവിൽ മെർക്കുറിയുടെ അംശം കണ്ടെത്തി. ഇത് ആന്തരികാവയവങ്ങളെ വരെ ബാധിക്കുന്ന തരത്തിൽ ദൂഷ്യഫലങ്ങൾ ഉണ്ടാക്കാൻ സാധ്യതയുള്ളതാണ്. ഈ കണ്ടെത്തലിനെ തുടർന്ന് പരിശോധനകൾ കൂടുതൽ കർശനമാക്കാൻ മന്ത്രി വീണാ ജോർജ് സംസ്ഥാന ഡ്രഗ്സ് കൺട്രോളർക്ക് നിർദേശം നൽകി. വകുപ്പിന്റെ നേതൃത്വത്തിൽ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കാനും മന്ത്രി നിർദേശം നൽകി.



# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സ്റ്റേറ്റ് റൂട്രോണിക്സ് സർട്ടിഫിക്കറ്റോടുകൂടി ഒരു വർഷം, ആറ് മാസം, മൂന്ന് മാസം ദൈർഘ്യമുള്ള ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻ മാനേജ്മെന്റ് കോഴ്സുകളിൽ തിരുവനന്തപുരം, ആറ്റിങ്ങൽ അംഗീകൃത പഠന കേന്ദ്രങ്ങളിലേക്ക് ഇന്റേൺഷിപ്പോടുകൂടി റഗുലർ പാർട്ടൈം ബാച്ചുകളിലേക്ക് എസ് എസ് എൽ സി, പ്ലസ് ടു, ഡിഗ്രി പാസായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഫോൺ: 7994926081.

# പരിശീലനം ഇന്ന്

**കൊച്ചി:** കാർഷിക മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവരക്കണക്ക് ശേഖരണത്തിൽ സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ഉദ്യോഗസ്ഥർക്ക് ഏകദിന പരിശീലനം. കാക്കനാട് സിവിൽ സ്റ്റേഷനിലെ ജില്ലാ ആസൂത്രണ സമിതി ഹാളിൽ ഇന്നു രാവിലെ 10.30 ന്. സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ഡയറക്ടർ മുഖ്യ പ്രഭാഷണം നടത്തും. വകുപ്പ് ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തുടങ്ങിയവർ പങ്കെടുക്കും.

# ഭൗതിക ശാസ്ത്ര ദേശീയ സമ്മേളനം ജനുവരി 30, 31 തീയതികളിൽ

**കൊച്ചി:** സൈദ്ധാന്തിക ഭൗതിക ശാസ്ത്രത്തിലുള്ള ദേശീയ സമ്മേളനം ജനുവരി 30, 31 തീയതികളിൽ എറണാകുളം മഹാരാജാസ് കോളേജിൽ നടത്തും.മഹാരാജാസ് കോളേജ് ഫിസിക്സ് വിഭാഗവും കൊച്ചിൻ യൂണിവേഴ്സിറ്റി മുൻ ഗവേഷണ വിദ്യാർത്ഥികളും സംയുക്തമായാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.മുൻ വൈസ് ചാൻസലർ പ്രൊഫ. കെ ബാബു ജോസഫ് ഉദ്ഘാടനം ചെയ്യും. പ്രപഞ്ചശാസ്ത്രം, നോൺ ലീനിയർ ഡൈനാമിക്സ്, ക്വാം ഫീൽഡ് തിയറി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ സൈദ്ധാന്തിക ഭൗതിക ശാസ്ത്ര വിഷയങ്ങളിൽ പ്രഗത്ഭർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. കേരളത്തിനകത്തും പുറത്തുമുള്ള ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ നിന്നുള്ള വിഷയ വിദഗ്ധരും 150 ഓളം പി ജി, ഗവേഷക വിദ്യാർഥികളും പങ്കെടുക്കും.

# ഇൻസ്ട്രക്ടർ താത്കാലിക നിയമനം

**കൊച്ചി:** കളമശ്ശേരി ഗവ. ഐ.ടി.ഐ. ക്യാമ്പസിൽ പ്രവർത്തിച്ചു വരുന്ന വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഗവ. അഡ്വാൻസ്ഡ് വൊക്കേഷണൽ ട്രെയിനിംഗ് സിസ്റ്റം (എ.വി. ടി.എസ്.) സ്ഥാപനത്തിൽ ഇൻസ്ട്രക്ടറുടെ താത്കാലിക ഒഴിവുണ്ട്. മണിക്കൂറിന് 240 രൂപാ നിരക്കിൽ പരമാവധി 24000 രൂപയാണ് പ്രതിമാസം ലഭിക്കുന്നത്. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ജനുവരി 29ന് രാവിലെ 11 ന് എ.വി.ടി.എസ്. പ്രിൻസിപ്പൽ മുമ്പാകെ ഹാജരാകണം. കംപ്യൂട്ടർ എയ്ഡഡ് ഡ്രാഫ്റ്റിഗ് (ഓട്ടോ കാഡ് 2 ഡി, 3ഡി, 3 ഡി എസ് മാക്സ്) യോഗ്യത: സിവിൽ/മെക്കാനിക്ക് എഞ്ചിനീയറിംഗിൽ ഡിപ്ലോമയും അഞ്ച് വർഷം പ്രവർത്തന പരിചയവും അല്ലെങ്കിൽ സിവിൽ/ മെക്കാനിക്ക് എഞ്ചിനീയറിംഗ് ഡിഗ്രിയും പ്രസ്തുത മേഖലയിൽ രണ്ടു വർഷം വരെ പ്രവർത്തന പരിചയവും ആണ് യോഗ്യത. കൂടാതെ ഓട്ടോ കാഡിൽ മൂന്നു വർഷം പ്രവർത്തന പരിചയവും.

# ടൂൾ ആന്റ് ഡൈ മേക്കിംഗ്

**കൊച്ചി:** യോഗ്യത ടൂൾ ആന്റ് ഡൈ മേക്കിംഗ് ട്രേഡിൽ എൻ സി വി ടി സർട്ടിഫിക്കറ്റും ഏഴ് വർഷം പ്രവർത്തന പരിചയവും അല്ലെങ്കിൽ എൻ എ സി സർട്ടിഫിക്കറ്റും ആറ് വർഷം പ്രവർത്തന പരിചയവും അല്ലെങ്കിൽ ടൂൾ ആന്റ് ഡൈ മേക്കിംഗ്/മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമയും അഞ്ച് വർഷം പ്രവർത്തന പരിചയവും അല്ലെങ്കിൽ മെക്കാനിക്കൽ എഞ്ചിജിനീയറിംഗ് ഡിഗ്രിയും ര് വർഷം പ്രവർത്തന പരിചയവും. ഫോൺ:8089789828,
04842557275.

# ജില്ലാ സൈനികക്ഷേമ ഓഫീസ് പ്രൊപ്പോസൽ ക്ഷണിച്ചു

വിമുക്തഭടന്മാർ, അവരുടെ ആശ്രിതർ എന്നിവർക്കായി 202526 സാമ്പത്തിക വർഷത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന പുനരിധിവാസ പരിശീലനത്തിന് പരിശീലനം നടത്തുന്ന സർക്കാർ/സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും പ്രൊപ്പോസൽ ക്ഷണിച്ചു. ജില്ലയിൽ പരിശീലനം നടത്താൻ തയ്യാറുള്ള സ്ഥാപനങ്ങൾ പരിശീലന പരിപാടിയുടെ പേര്, ദൈർഘ്യം, സർക്കാർ / അർദ്ധസർക്കാർ സ്ഥാപനം, കോഴ്സ് നടത്താൻ വേ കുറഞ്ഞ ട്രെയിനികളുടെ എണ്ണം, ഒരു ട്രെയിനിക്ക് വേ ഫീസ് എന്നീ വിശദാംശങ്ങൾ അടങ്ങിയ പ്രൊപ്പോസൽ 2025 മാർച്ച് 31ന് മുമ്പായി
അയക്കണം. പരിശീലന പരിപാടിയുടെ ദൈർഘ്യം ആറ് മാസത്തിൽ താഴെ ആയിരിക്കണം. ഓരോ ട്രെയിനിക്കും വേ ഫീസ് 30,000 രൂപയിൽ കവിയരുത്.വിലാസം:ജില്ലാ സൈനികക്ഷേമ ഓഫീസ്, സിവിൽ സ്റ്റേഷൻ, കാക്കനാട്,. എറണാകുളം 682030 ഫോൺ: 0484 2422239
എറണാകുളം 682030 ഫോൺ: 0484 2422239

# ഭരണഘടന സംരക്ഷണം ഏറ്റവും പ്രധാനപെട്ട ഉത്തരവാദിത്വം : മന്ത്രി പി രാജീവ്



കൊച്ചി; ഭരണഘടന സംരക്ഷണം ഏറ്റവും പ്രധാനപെട്ട ഉത്തരവാദിത്വമായി കണക്കാക്കണമെന്ന് വ്യവസായ മന്ത്രി പി രാജീവ്. കാക്കനാട് സിവിൽ സ്റ്റേഷൻ പരേഡ് ഗ്രൗണ്ടിൽ നടന്ന എറണാകുളം ജില്ലാതല റിപ്പബ്ലിക് ദിനാഘോഷത്തിൽ പതാക ഉയർത്തിയ ശേഷം റിപ്പബ്ലിക് ദിന സന്ദേശം നൽകുകയായിരുന്നു മന്ത്രി. ഭരണഘടന സംരക്ഷിക്കുക എന്നുള്ളത് ഇന്നത്തെ കാലഘട്ടത്തിന്റെ ഏറ്റവും പ്രധാന ഉത്തരവാദിത്വമായി മാറിയിരിക്കുന്നു. മുക്കാൽ നൂറ്റാണ്ട് ഭരണഘടനയെ നില നിർത്താൻ കഴിഞ്ഞത് കൂട്ടുത്തരവാദിത്വം കൊണ്ടാണ്. അതിനെ ഇനിയും ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകാൻ നമുക്കു കഴിയണം . ഭരണഘടന മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനോടൊപ്പം മതനിരപേക്ഷ അടിത്തറയിൽ രാജ്യത്തെ മുന്നോട്ടു കൊണ്ടുപോകണം. ജനാധിപത്യത്തിനും സമത്വത്തിനും നീതിക്കുമെല്ലാം പലതരത്തിലുള്ള മാനങ്ങൾ ഭരണഘടന വിഭാവന ചെയ്യുന്നുണ്ട്. രാഷ്ട്രീയവും ജനാധിപത്യവും സാമൂഹികവുമായ ജനാധിപത്യം നമുക്കുണ്ട്. ഭരണഘടന അസംബ്ലിയിൽ ഭരണഘടനയുടെ അവസാനം സമർപ്പിച്ചുകൊണ്ട് നടത്തിയ ചരിത്ര പ്രസംഗത്തിൽ അംബേദ്കർ പല തരത്തിലുള്ള മുന്നറിയിപ്പുകൾ രാജ്യത്തിനു നൽകിയിരുന്നു. അതിലൊന്ന് വിശ്വാസം രാഷ്ട്രത്തിനു മുകളിൽ വരുമോ അതോ രാഷ്ട്രമാണോ വിശ്വാസത്തിന് മുകളിൽ എന്നതാണ്. എപ്പോഴാണോ വിശ്വാസം രാഷ്ട്രത്തിനു മുകളിൽ വരുന്നത് അതോടെ സ്വാതന്ത്ര്യം അപകടത്തിലാകും എന്ന മുന്നറിയിപ്പ് അംബേദ്കർ അന്ന് നൽകിയിരുന്നു. രാഷ്ട്രത്തിനും ഭരണഘടനക്കും കീഴിൽ എല്ലാ സംവിധാനങ്ങളെയും കൊണ്ടുവരിക എന്നത് പ്രധാനപ്പെട്ടതാണ്. ഓരോരുത്തർക്കും അവരവരുടെ വിശ്വാസങ്ങൾ ഉണ്ടാകും. ആദർശങ്ങൾ ഉണ്ടാകും. പക്ഷേ എക്സിക്യൂട്ടിവിനെയും ജുഡിഷ്യറിയെയും നിയമനിർമാണ സഭയെയും സമൂഹത്തേയും നയിക്കുന്നതു ഭരണഘടന മൂല്യങ്ങളാണ്. ആ ഭരണഘടന മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ നമുക്കെല്ലാവർക്കും കഴിയണമെന്നും അദ്ദേഹം പറഞ്ഞു.സിറ്റി പോലീസ് കമ്മീഷണർ പുട്ട വിമലാദിത്യ, ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ്, ഡെപ്യൂട്ടി പോലീസ് കമ്മീഷണർ അശ്വതി ജിജി, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് വിനോദ് രാജ്, ഡെപ്യൂട്ടി കളക്ടർമാരായ വി എ അബ്ബാസ്, റേച്ചൽ വർഗീസ്, ഹുസൂർ ശിരസ്തദാർ അനിൽകുമാർ മേനോൻ , വിവിധ വകുപ്പ് ജീവനക്കാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു

## പാലിയേറ്റീവ് ദിനാചരണം

# പാലിയേറ്റീവ് കെയർ പദ്ധതി: ഇതുവരെ 1678 രോഗികൾക്ക് പരിചരണം നൽകി




കൊച്ചി: എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയുടേയും റോട്ടറി ക്ലബ് കൊച്ചി സിറ്റിയുടേയും സംയുക്തതാഭിമുഖ്യത്തിൽ പാലിയേറ്റീവ് ദിനാചരണം നടത്തി.കിടപ്പു രോഗികൾക്ക് ആശ്വാസമേകിക്കൊണ്ട് 2014 ൽ ആരംഭിച്ച പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഇതുവരെ 1678 രോഗികൾക്ക് പരിചരണമേകി. എറണാകുളം മെഡിക്കൽ കോളേജിന്റെ ആരോഗ്യ പരിപാലന രംഗത്തെ ഏറ്റവും മികച്ച പാലിയേറ്റീവ് ചികിത്സയാണ് ഇത്തരത്തിലുള്ള രോഗികൾക്ക് നൽകി വരുന്നത്. എടത്തല, കീഴ്മാട് പഞ്ചായത്തുകളിലും, കളമശ്ശേരി, ഏലൂർ, തൃക്കാക്കര മുൻസിപ്പാലിറ്റികളിലും നടപ്പിലാക്കി വരുന്ന പാലിയേറ്റീവ് കെയറിനു പുറമേയാണ്, ദേശീയ ആരോഗ്യ ദൗത്യത്തിന് കീഴിൽ മെഡിക്കൽ കോളേജും, റോട്ടറി ക്ലബ്ബ് കൊച്ചി സിറ്റിയും ചേർന്ന് നടത്തുന്ന ഈ പാലിയേറ്റീവ് സംവിധാനം.എല്ലാ വ്യാഴാഴ്ചകളിലും പാലിയേറ്റീവ് രോഗികൾക്കുള്ള പ്രത്യേക ഒ.പി മെഡിക്കൽ കോളേജിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ ഡോക്ടർ, സ്റ്റാഫ് നഴ്സ് അടങ്ങുന്ന സംഘം പാലിയേറ്റീവ് രോഗികളെ വീട്ടിൽ സന്ദർശനം നടത്തുകയും, രോഗികൾക്ക് വേണ്ട ചികിത്സയും , ആവശ്യ സാധനങ്ങളുടെ വിതരണവും നടത്തി വരികയും ചെയ്യുന്നു. കൂടാതെ മെഡിക്കൽ വിദ്യാർത്ഥികൾ നടത്തുന്ന ആശ്രയ പാലിയേറ്റീവ് കെയർ യൂണിറ്റും ആശുപത്രിയിൽ സജീവമാണ്.

പാലിയേറ്റീവ് ദിനത്തിന്റെ ഉദ്ഘാടനം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. എസ്. പ്രതാപ് നിർവഹിച്ചു. മെഡിക്കൽ സൂപ്രണ്ട് ഡോ. എം.ഗണേഷ് മോഹൻ, ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. ഗീതാ നായർ, ആർ.എം.ഓ, ഡോ. എം.കെ. ഹക്കിം, എ.ആർ.എം.ഒ ഡോ. യു മധു, ജനറൽ മെഡിസിൻ വകുപ്പ് മേധാവി ഡോ. ജേക്കബ് കെ ജേക്കബ്, കമ്മ്യൂണിറ്റി മെഡിസിൻ വകുപ്പ് മേധാവി ഡോ.ബിനു അരീക്കൽ, പാലിയേറ്റീവ് കെയർ യൂണിറ്റ് നോഡൽ ഓഫിസർ ഡോ.സാജിത അബ്ദുള്ള, നഴ്സിംഗ് സൂപ്രണ്ട് ഷൈജ, റോട്ടറി ക്ലബ്ബ് കൊച്ചി സിറ്റി ഭാരവാഹിയായ ഡോ.അബ്രഹാം തുടങ്ങിയവർ പങ്കെടുത്തു.

# കൊച്ചിയുടെ സൗന്ദര്യം നുകർന്നു യുവജന യാത്ര

**കൊച്ചി:** കൊച്ചി യൂത്ത് ഹോസ്റ്റലിൽ നടക്കുന്ന പതിനാറാമത് ഗോത്രവർഗ്ഗ യുവജന സാംസ്കാരിക വിനിമയ പരിപാടിയുടെ ഭാഗമായി ഗഡ്ചിറോളി , മൊഹല്ല, മണ്ണൂർ അംബാഗർഹ് ചൗക്കി , കാങ്കർ, ദന്തെവാഡ ,പശ്ചിമ സിങ്ബ്ബും എന്നീ ജില്ലകളിൽ നിന്നുള്ള 200 ഓളം വരുന്ന യുവതി യുവാക്കൾ കൊച്ചി മറൈൻ ഡ്രൈവ്, റീജിയണൽ സ്പോർട് സെൻറർ, വാട്ടർ മെട്രോ, പുതുവൈപ്പ് ബീച്ച് എന്നിവിടങ്ങൾ സന്ദർശിച്ചു.വാട്ടർ മെട്രോ അവർക്ക് നവ്യാനുഭവം പകർന്നു. കൊച്ചിയുടെ പൊതു ഗതാഗത സംവിധാനങ്ങളെക്കുറിച്ചും ജല മാർഗ്ഗങ്ങളെ കുറിച്ചും മനസ്സിലാക്കാൻ കഴിഞ്ഞു. റീജിയണൽ സ്പോർട് സെന്ററിൽ നടന്ന സൗഹൃദ ഫുട്ബോൾ ബാഡ്മിൻറൺ മത്സരങ്ങളിൽ അവർ പങ്കാളികളായി. നഗര സൗന്ദര്യം വിളിച്ചോതുന്ന മറൈൻ ഡ്രൈവും സന്ദർശിച്ചു. പുതുവൈപ്പ് ബീച്ചിലെ സൂര്യാസ്തമയം അവരുടെ സന്ദർശനത്തിന്റെ മാറ്റുകൂട്ടി. കൊച്ചിയുടെ സൗന്ദര്യം വളരെ പുതുമയാർന്നതാണെന്ന് ഗഡ്ചിറോളിയിൽ നിന്നും വന്ന മമത ബി ഹിചാരി അഭിപ്രായപ്പെട്ടു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കൊച്ചി മെട്രോ ഇലക്ട്രിക് ബസ് സർവ്വീസ് ഹിറ്റ്; ഇൻഫോപാർക്ക് റൂട്ടിൽ 29 ന് സർവ്വീസ് തുടങ്ങും

**കൊച്ചി:** കൊച്ചി മെട്രോ സ്റ്റേഷനുകളുമായി ബന്ധിപ്പിക്കുന്ന മെട്രോ കണക്ട് ഇലക്ട്രിക് ബസ് സർവ്വീസ് യാത്രക്കാർക്ക് ഏറെ ഉപകാരപ്രദമായി. ആലുവ എയർപോർട്ട്, കളമശേരി മെഡിക്കൽ കോളേജ്, കളമശേരി കുസാറ്റ് റൂട്ടുകളിൽ 16 ന് ആരംഭിച്ച സർവ്വീസിൽ ഇന്നലെ വരെ 15,500 ഓളം പേർ യാത്ര ചെയ്തു. പ്രതിദിനം ശരാശരി 1900ത്തിലേറെ പേർ ഈ റൂട്ടിൽ മെട്രോ കണക്ട് സേവനം പ്രയോജനപ്പെടുത്തുന്നു. ഇ ഫീഡർ സർവ്വീസ് ആരംഭിച്ചതോടെ ആലുവ, കളമശേരി മെട്രോ സ്റ്റേഷനുകളിൽ നിന്നുള്ള യാത്രക്കാരുടെ എണ്ണത്തിലും വർധന രേഖപ്പെടുത്തി.ആലുവ എയർപോർട്ട് റൂട്ടിൽ 80 രൂപയും മറ്റു റൂട്ടുകളിൽ അഞ്ച് കിലോമീറ്റർ യാത്രയ്ക്ക് മിനിമം 20 രൂപയുമാണ് പൂർണമായും എയർകണ്ടീഷൻ ചെയ്ത ഇലക്ട്രിക് ബസിലെ യാത്ര നിരക്ക്. കൊച്ചി മെട്രോ, വാട്ടർ മെട്രോ സ്റ്റേഷനുകളിലേക്കുള്ള ഫസ്റ്റ് മൈൽലാസ്റ്റ് മൈൽ കണക്ടിവിറ്റി വർധിപ്പിക്കാനുള്ള നീക്കത്തിന്റെ ഭാഗമായാണ് 15 ഇലക്ട്രിക് ബസുകൾ ഏകദേശം 15 കോടിയോളം രൂപ മുടക്കി വാങ്ങി കൊച്ചി മെട്രോ സർവ്വീസ് നടത്തുന്നത്.

എയർപോർട്ട് റൂട്ടിൽ നാലു ബസുകളും കളമശേരി റൂട്ടിൽ രണ്ട് ബസുകളും ആണ് സർവ്വീസ് നടത്തുന്നത്.

എയർപോർട്ട് റൂട്ടിൽ തിരക്കുള്ള സമയങ്ങളിൽ 20 മിനിറ്റ് ഇടവിട്ടും തിരക്കില്ലാത്ത സമയങ്ങളിൽ 30 മിനിറ്റും ഇടവിട്ട് സർവ്വീസുകൾ ഉണ്ടാകും. രാവിലെ 6.45 മുതൽ സർവ്വീസ് ആരംഭിക്കും. രാത്രി 11 മണിക്കാണ് എയർപോർട്ടിൽ നിന്ന് ആലുവയിലേക്കുള്ള അവസാന സർവ്വീസ്. കളമശേരിമെഡിക്കൽ കോളെജ് റൂട്ടിൽ 30 മിനിറ്റ് ഇടവിട്ട് സർവ്വീസ് ഉണ്ടാകും. രാവിലെ 8.30 മുതൽ വൈകിട്ട് 7.30 വരെയാണ് സർവ്വീസ്. മുട്ടം, കലൂർ, വൈറ്റില, ആലുവ എന്നിവടങ്ങളിലാണ് ചാർജിംഗ് സ്റ്റേഷനുകൾ. ഡിജിറ്റൽ പേയ്മെന്റ് വഴിയാണ് ടിക്കറ്റിംഗ്. കാഷ് ട്രാൻസാക്ഷനും ഉണ്ട്. യുപിഐ വഴിയും രൂപേ ഡെബിറ്റ് കാർഡ്, കൊച്ചി 1 കാർഡ് എന്നിവ വഴിയും പേയ്മെന്റ് നടത്താം.കൊച്ചി



വാട്ടർ മെട്രോ കാക്കനാട് സ്റ്റേഷനെ ഇൻഫോപാർക്ക്, സിവിൽ സ്റ്റേഷൻ എന്നിവയുമായി ബന്ധിപ്പിക്കുന്ന മെട്രോ കണക്ട് ഇ ബസ് സർവ്വീസ് 29 ന് ബുധനാഴ്ച ആരംഭിക്കും. മൂന്ന് ബസുകളാണ് ഈ റൂട്ടിൽ സർവ്വീസ് നടത്തുക.കാക്കനാട് വാട്ടർ മെട്രോ കിൻഫ്രാ ഇൻഫോപാർക്ക് റൂട്ടിൽ രാവിലെ 8 മണിമുതൽ വൈകിട്ട് 7.15 വരെ 25 മിനിറ്റ് ഇടവിട്ട് സർവ്വീസ് ഉണ്ടാകും. രാവിലെ 7,7.20, 7.50 എന്നീ സമയങ്ങളിൽ കളമശേരിയിൽ നിന്ന് നേരിട്ട് സിവിൽ സ്റ്റേഷൻ, വാട്ടർ മെട്രോ വഴി ഇൻഫോപാർക്കിലേക്ക് സർവ്വസ് ഉണ്ടാകും. അതുപോലെ വൈകിട്ട് , തിരിച്ച് 7.15 ന് ഇൻഫോപാർക്കിൽ നിന്നുള്ള ബസ് വാട്ടർ മെട്രോ, കാക്കനാട് വഴി കളമശേരിക്കും ഉണ്ടാകും. കാക്കനാട് വാട്ടർ മെട്രോ കളക്ട്രേറ്റ് റൂട്ടിൽ 20 മിനിറ്റ് ഇടവിട്ട് രാവിലെ 8 മണി മുതൽ വൈകിട്ട് 7.30 വരെയാണ് സർവ്വീസ്. 20 രൂപയാണ് ടിക്കറ്റ് നിരക്ക്. കാക്കനാട് റൂട്ടിൽ സർവീസ് ആരംഭിക്കുന്നതിന് മുന്നോടിയായി നടന്ന ട്രയൽ റണ്ണിൽ ഇൻഫോപാർക്ക് ഡി ജി എം ശ്രീജിത് ചന്ദ്രൻ, എ ജി എം വിജയൻ വി ആർ, മാനേജർ ടിനി തോമസ്, മറ്റ് ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ നേതൃത്വം നൽകി. ഹൈക്കോർട്ട് എംജി റോഡ് സർക്കുലർ, കടവന്ത്ര കെ.പി വള്ളോൻ റോഡ് സർക്കുലർ റൂട്ടുകളിലും ഘട്ടം ഘട്ടമായി ഉടനെ സർവ്വീസ് ആരംഭിക്കും

## വർണം ചിത്രരചനാമത്സരം:സി.എസ് നവീന് ഒന്നാം സമ്മാനം

**കൊച്ചി:** ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും, കടമ്പ്രയാർ ടൂറിസം ഡെസ്റ്റിനേഷൻ കമ്മിറ്റിയും ഇന്ത്യാ ടൂറിസവുമായി ചേർന്നു വിദ്യാർഥികൾക്കായി സംഘടിപ്പിച്ച വർണം 2025 ചിത്രരചന മൽസരത്തിൽ പാമ്പാക്കുട ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ സി എസ് നവീൻ ഒന്നാം സ്ഥാനം കരസ്ഥമാക്കി. കടവന്ത്ര കേന്ദ്രീയ വിദ്യാലയത്തിലെ എം എസ് അമൻജിത്, തലക്കോട് സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ എം എം മർഫി എന്നിവർ രും മൂന്നും സ്ഥാനങ്ങൾ നേടി.

ജില്ലാ ഡെവലപ്മെന്റ് കമ്മീഷണർ ഡോ. അശ്വതി ശ്രീനിവാസ് സമ്മാനങ്ങൾ വിതരണം ചെയ്തു. ഡിഎംസി എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം രേഷ്മ യു രാജ് അധ്യക്ഷയായി. ഡിറ്റിപിസി സെക്രട്ടറി ലിജോ ജോസഫ്, ബിജു മാത്യു, എൻ കെ ജിബി, റെജി ഇല്ലിക്കപറമ്പിൽ, സുനിൽ തിരുവാണിയൂർ, ജോഷി ജോർജ്, ടി എ കുമാരൻ, എസ് വിജയകുമാർ എന്നിവർ സംസാരിച്ചു. വിജയികൾക്ക് ക്യാഷ് അവാർഡും മെമന്റോയും പങ്കെടുത്ത മുഴുവൻ പേർക്കും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

## ദേശീയ സമ്മതിദാന ദിനാഘോഷം

**കൊച്ചി:** ദേശീയ സമ്മതിദായക ദിനത്തോട് അനുബന്ധിച്ച് കണയന്നൂർ താലൂക്ക് ഓഫീസിൽ സമ്മതിദായകരുടെ പ്രതിജ്ഞ നടത്തി. തൃക്കാക്കര നിയോജക മണ്ഡലം അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ഡി. വിനോദ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. എറണാകുളം നിയോജക മണ്ഡലം അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ പി.ടി. വേണു ഗോപാലൻ ആശംസകൾ അറിയിച്ചു. യുവ സമ്മതിദായകർക്കുള്ള വോട്ടർ തിരിച്ചറിയൽ കാർഡുകൾ, സമ്മതിദായക ദിനത്തോട് അനുബന്ധിച്ചു സെന്റ് ആൽബർട്ട്സ് എച്ച്എസ്എസിൽ നടന്ന പ്രശ്നോത്തരിയിലെ വിജയികൾക്കുള്ള മൊമെന്റോ, സർട്ടിഫിക്കറ്റ് എന്നിവ അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ വിതരണം ചെയ്തു.

## ടെൻഡർ ക്ഷണിച്ചു

കൊച്ചി: ജില്ലാ ലേബർ ഓഫീസിലേക്ക് ഔദ്യോഗിക ആവശ്യങ്ങൾക്കായി കരാ4 അടിസ്ഥാനത്തിൽ ഒരു വ4ഷത്തേക്ക് പരമാവധി ഏഴ് യാത്രക്കാരെ ഉൾക്കൊള്ളുന്ന വാഹനം (ലഭിക്കാത്ത പക്ഷം അഞ്ച് യാത്രക്കാരെ ഉൾക്കൊള്ളുന്ന വാഹനം) പ്രതിമാസ വാടകയ്ക്ക് ഡ്രൈവ4 ഇല്ലാതെ നൽകുവാ9 തയ്യാറുള്ള വാഹന ഉടമകളിൽ നിന്നും ടെ9ഡ4 ക്ഷണിച്ചു. ടെ9ഡ4 സമ4പ്പിക്കേ അവസാന തീയതി ജനുവരി 29. ടെ9ഡ4 സമ4പ്പിക്കേ വിലാസം ജില്ലാ ലേബർ ഓഫീസ് എറണാകുളം, നാലാം നില, സിവിൽ സ്റ്റേഷ9, കാക്കനാട് 682030. ഫോൺ 04842423110, 8547655266.

# ഐഎസ്ഒ സർട്ടിഫിക്കേഷൻ: മിൽമ ഏകദിന പരിശീലന പരിപാടി ആരംഭിച്ചു



**കൊച്ചി:** മിൽമ എറണാകുളം മേഖലാ യൂണിയനു കീഴിലുള്ള ബൾക്ക് മിൽക്ക് കൂളർ സംഘങ്ങൾക്ക് ഐഎസ്ഒ 22000:2018 സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിൻറെ ഭാഗമായി ഏകദിന പരിശീലന പരിപാടി ആരംഭിച്ചു. മിൽമ ആസ്ഥാനത്തെ പ്രയാർ ഗോപാലകൃഷ്ണൻ മെമ്മോറിയൽ ഹാളിൽ നടന്ന ചടങ്ങിൽ എറണാകുളം മേഖലാ യൂണിയൻ ചെയർമാൻ സി.എൻ. വത്സലൻപിള്ള പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു.നാഷണൽ പ്രോഗ്രാം ഡെയറി ഡെവലപ്പ്മെൻറ് പദ്ധതിയുടെ ഭാഗമായി ബിഎംസി സംഘങ്ങളെ ഐഎസ്ഒ നിലവാരത്തിലേക്ക് ഉയർത്തുന്നതിനാണ് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്. 182 ബിഎംസി സംഘങ്ങളുടെ ജീവനക്കാർക്കാണ് പരിശീലന പരിപാടി നടത്തുന്നത്.പരിശീലന പരിപാടിയിൽ ഭരണസമിതി അംഗം ജോൺ തെരുവത്ത് അദ്ധ്യക്ഷത വഹിച്ചു. സത്യൻ.ടി.എൻ, കെ.സി.മാർട്ടിൻ, താര ഉണ്ണികൃഷ്ണൻ , രാധാകൃഷ്ണൻ.എൻ.ആർ, മാനേജിംഗ് ഡയറകടർ വിൽസൺ.ജെ. പുറവക്കാട്ട്, ക്വാളിറ്റി കൺട്രോൾ അഷ്വറൻസ് ഹെഡ്ഡ് വിൻസി, പി &ഐ അസിസ്റ്റൻറ് മാനേജർ സന ജോസ് തുടങ്ങിയവർ പങ്കെടുത്തു. അഞ്ച ്ദിവസങ്ങളിലായി ഇടപ്പള്ളി, മൂന്നാർ എന്നിവടങ്ങളിലാണ് ഏകദിന പരിശീലനപരിപാടി സംഘടിപ്പിക്കുന്നതെന്ന് ചെയർമാൻ സി.എൻ.വത്സലൻപിള്ള അറിയിച്ചു.

## മത്സ്യ ഫാം,ഹാച്ചറി ലൈസൻസ് പുതുക്കണം

**കൊച്ചി:** ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ജില്ലയിലെ മത്സ്യ ഫാമുകൾ/ ഹാച്ചറികൾ 202425 വർഷത്തെ ലൈസൻസ് ഫീസ് നാളിതുവരെ പുതുക്കിയിട്ടില്ലെങ്കിൽ ജനുവരി 28 ന് ആലുവ മത്സ്യഭവനിൽ വെച്ചും, ഫെബ്രുവരി മൂന്നിന് മുനമ്പം മത്സ്യഭവനിൽ വെച്ചും രാവിലെ 11 മുതൽ വൈകിട്ട് നാലു വരെ ലൈസൻസ് പുതുക്കുന്നതിനുള്ള തുക ശേഖരിക്കുന്നതാണെന്ന് എറണാകുളം ഫിഷ് സീഡ് ഇൻസ്പെക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കും, ലൈസൻസ് തുക സംബന്ധിച്ച വിവരങ്ങൾക്കും 8304952394 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാം.



സൊസൈറ്റി ടുഡേ
SOCIETY TODAY

## ഏകദിന ശിൽപ്പശാല

**കൊച്ചി:** സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് (കീഡ്) ഇകൊമേഴ്സ് വിഷയത്തിൽ ഏകദിന സംരംഭകത്വ ബോധവത്കരണ വർക്ക് ഷോപ്പ് സംഘടിപ്പിക്കുന്നു. സംരംഭകർക്കായി ജനുവരി 31 ന് കളമശേരിയിലുള്ള കീഡിന്റെ ക്യാമ്പസിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. ഫ്ലിപ്കാർട്ട്, ഓപ്പൺ നെറ്റ്വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്സ്, ഗവ ഇ മാർക്കറ്റ് പ്ലേസ് പങ്കിടൽ, തുടങ്ങിയ നിരവധി സെഷനുകൾ ആണ് ഉൾപെടുത്തിയിരിക്കുന്നത്. താത്പര്യമുള്ളവർ http://kied.infot/rainingcalender/ വെബ്സൈറ്റ് സന്ദർശിച്ച് ഓൺലൈനായി ജനുവരി 29ന് മുമ്പ് അപേക്ഷ സമർപ്പിക്കണം. വർക്ക്ഷോപ്പ് സൗജന്യമായതിനാൽ തിരെഞ്ഞെടുക്കപ്പെടുന്ന 50 പേർക്ക് മാത്രമേ പങ്കെടുക്കാൻ സാധിക്കുകയുള്ളു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2532890/ 2550322/9188922785.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്കോൾകേരള മുഖാന്തിരം തെരഞ്ഞടുക്കപ്പെട്ട സ്കൂളുകളിൽ സംഘടിപ്പിക്കുന്ന ' ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആന്റ് പ്രീ സ്കൂൾ മാനേജ്മെന്റ്' കോഴ്സ് ആദ്യ ബാച്ച് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത എസ്.എസ്.എൽ.സി /തത്തുല്യ കോഴ്സിൽ വിജയം. ഉയർന്ന പ്രായപരിധി 45 വയസ്. നിലവിൽ വിവിധ വകുപ്പുകളിൽ ആയമാരായി സേവനം അനുഷ്ഠിക്കുന്നവർക്ക് ഉയർന്ന പ്രായപരിധി ഇല്ലാതെ അപേക്ഷിക്കാം. നിർദ്ദിഷ്ട യോഗ്യതയുള്ളവർ www.scolekerala.org വെബ്സൈറ്റ് മുഖേന പിഴ കൂടാതെ ഫെബ്രുവരി 10 വരെയും 100 രൂപ പിഴയോടെ ഫെബ്രുവരി 15 വരെയും ഓൺലൈനായി രജിസ്റ്റർ ചെയ്യാം. ഓൺലൈൻ രജിസ്ട്രേഷനു ശേഷം രണ്ട് ദിവസത്തിനകം നിർദ്ദിഷ്ട രേഖകൾ ജില്ലാ ഓഫീസിൽ / സംസ്ഥാന ഓഫീസിൽ സ്പീഡ് / രജിസ്റ്റേഡ് തപാൽ മാർഗമോ നേരിട്ടോ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുകയോ ജില്ലാ ഓഫീസിലെ 04842377537, 9447913820 ഫോൺനമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## കളമശ്ശേരി വനിത ഐ.ടി.ഐ സപ്ലിമെന്ററി പരീക്ഷ

**കൊച്ചി:** ഐ.ടി.ഐ ൽ 2019 2021 സെഷനിൽ പ്രവേശനം നേടിയ രണ്ട് വർഷ ട്രേഡുകളിലെ രണ്ടാം വർഷ ട്രെയ്നികളിൽ നിന്നും, 2020 മുതൽ 2023 വരെയുള്ള കാലയളവിൽ പ്രവേശനം നേടിയ ഒരു വർഷ, ഒന്നാം വർഷ, രണ്ടു വർഷ ട്രേഡുകളിലെ റഗുലർ പരീക്ഷ എഴുതി പരാജയപ്പെട്ട ട്രെയിനികളിൽ നിന്നും സപ്ലിമെന്ററി പരീക്ഷയ്ക്കുള്ള അപേക്ഷ ക്ഷണിച്ചു. ഇനിയും പരീക്ഷ എഴുതി പാസാകാനുള്ളവർ ഫെബ്രുവരി ആറിനകം നേരിട്ട് ഹാജരായി ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് 0484 2544750.

## ഇ ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** സമഗ്രശിക്ഷ കേരള എറണാകുളം ജില്ലാ പ്രോജക്ട് ഓഫീസിൽ പ്രൊഡക്ഷ9 സ്റ്റുഡിയോയ്ക്ക് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ഇടെൻഡർ ക്ഷണിച്ചു ഇ ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി ഒന്ന് വൈകിട്ട് അഞ്ച് വരെ. ടെൻഡർ തുറക്കുന്ന തീയതി ഫെബ്രുവരി മൂന്ന്. ഉച്ചയ്ക്ക് ര് വരെ. സ്ഥലം: എസ്.എസ്.കെ ജില്ലാ ഓഫീസ്, എറണാകുളം. ഇ ടെൻഡർ സംബന്ധിച്ച വിശദവിവരങ്ങൾ എസ്.എസ്.കെ ജില്ലാ ഓഫീസിൽ നിന്നും എല്ലാ പ്രവൃത്തി ദിവസങ്ങളിലും ലഭിക്കും. ഫോൺ: 04842962041

## അക്കൗണ്ട്സ് അസിസ്റ്റന്റ് ; ജോലി ഒഴിവ്

**കൊച്ചി:** ജില്ലയിലെ അർധ സർക്കാർ സ്ഥാപനത്തിൽ അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തികയിൽ ഒഴിവുണ്ട്. ശമ്പളം 30000 രൂപ. കൊമേഴ്സിൽ ബിരുദം. സി എ ഇന്റർമിഡിയറ്റ് അഥവാ സി എം എ ഇന്റർമിഡിയറ്റ് യോഗ്യതകളും ര് വർഷത്തെ തൊഴിൽ പരിചയവുമുള്ള 18 41 പ്രായപരിധിയിലുള്ള (ഇളവുകൾ അനുവദനീയം) ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എല്ലാ അസൽ സർട്ടിഫിക്കറ്റുകളും സഹിതം ജനുവരി 31ന് മുമ്പായി നേരിട്ട് ഹാജരാകണം.

## മസ്റ്ററിംഗ് ചെയ്യണം

**കൊച്ചി:** ജില്ലയിൽ എഴുപത്തി അയ്യായിരത്തിൽപരം മുൻഗണന (പിങ്ക്, മഞ്ഞ) റേഷൻ കാർഡിലെ അംഗങ്ങൾ മസ്റ്ററിംഗ് ചെയ്യാനായി അവശേഷിക്കുന്നു്. ഉടൻ മസ്റ്ററിംഗ് ചെയ്യാത്ത പക്ഷം റേഷൻ മുൻഗണനാ വിഹിതം നഷ്ടപ്പെടും. മസ്റ്ററിംഗ് ചെയ്യാത്ത മുൻഗണനാ റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ളവർ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസിൽ എത്തി മസ്റ്ററിംഗ് പൂർത്തിയാക്കണം. ഇനിയും മസ്റ്ററിങ്ങ് നടത്തുവാൻ കഴിയാത്തവർ ഇനിപറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക. 0484 2390809, 0484 2222002 0484 2777598, 0484 2224191, 0484 2623416, 0484 2442318, 0484 2523144, 0485 2822274, 0485 2814956.

# രക്തസ്രാവ രോഗങ്ങൾ കണ്ടെത്താൻ വൈകുന്നുവെന്ന് വിദഗ്ദ്ധർ



**കൊച്ചി :** രാജ്യത്ത് പൊതുജനങ്ങളിലും ആരോഗ്യപ്രവർത്തകരിലും രക്തസ്രാവ രോഗങ്ങളെ കുറിച്ചുള്ള അവബോധം കുറവായതിനാൽ ശരിയായ പരിശോധനകളിലൂടെ കൃത്യമായ രോഗനിർണയത്തിന് കാലതാമസം നേരിടുന്നതായി അമൃത ആശുപത്രിയിലെ ഹെമറ്റോളജി വിഭാഗത്തിന്റെയും മാഞ്ചസ്റ്റർ ഹീമോഫീലിയ ട്രീറ്റ്മെന്റ് സെന്ററിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ശിൽപശാലയിൽ വിദഗ്ധർ അഭിപ്രായപ്പെട്ടു.രക്തസ്രാവ രോഗങ്ങളുടെ നൂതന ചികിത്സാരീതികൾ എന്ന വിഷയത്തിൽ സംഘടിപ്പിച്ച 'ഹീമോസ്റ്റേസിസ് ഡയലോഗ്സ് ' ഏകദിന ശിൽപശാല മാഞ്ചസ്റ്റർ യൂണിവേഴ്സിറ്റി ഹോസ്പിറ്റലിലെ കൺസൾട്ടന്റ് ഹെമറ്റോളജിസ്റ്റ് ഡോ. ജെക്കോ തച്ചിൽ ഉദ്ഘാടനം ചെയ്തു. അമൃത ആശുപത്രി അഡീഷണൽ മെഡിക്കൽ സൂപ്ര് ഡോ. ബീന കെ. വി അധ്യക്ഷത വഹിച്ചു.

ഹീമോഫീലിയ ഫെഡറേഷൻ ഇന്ത്യ, ഹീമോഫീലിയ സൊസൈറ്റി കൊച്ചി ചാപ്റ്റർ, നാഷണൽ ഹെൽത്ത് മിഷൻ എന്നിവയുടെ സഹകരണത്തോടെയാണ് ശിൽപശാല സംഘടിപ്പിച്ചത്.അമൃത ആശുപത്രിയിലെ ഹീമോഫീലിയ ചികിത്സാ കേന്ദ്രം മേധാവി ഡോ. നീരജ് സിദ്ധാർത്ഥൻ, സ്ട്രോക്ക് മെഡിസിൻ വിഭാഗം മേധാവി ഡോ. വിവേക് നമ്പ്യാർ, ഡോ. രമാ ജി , ഡോ. മീര, ഡോ. മോനിഷാ ഹരിമാധവൻ , ഡോ. റീമ മിറിയ എബ്രഹാം എന്നിവർ നേതൃത്വം നൽകി. മെഡിക്കൽ വിദ്യാർഥികൾക്കായി ക്വിസ്, പോസ്റ്റർ അവതരണ മത്സരങ്ങൾ സംഘടിപ്പിച്ചു.

# ലോകാരോഗ്യ സംഘടനയ്ക്ക് സഹായം നിർത്തുന്നത് പ്രതിസന്ധി സൃഷ്ടിക്കും: ഡോ. സൗമ്യ സ്വാമിനാഥൻ




**കൊച്ചി:** ലോകമിപ്പോൾ പരസ്പര ബന്ധിതമായതിനാൽ ഒരിടത്തെ ഭീഷണി എല്ലായിടത്തേയും ബാധിക്കുമെന്ന് ലോകാരോഗ്യ സംഘടനയുടെ മുൻ ചീഫ് ശാസ്ത്രജ്ഞയും എം എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ ചെയർപേഴ്സണുമായ ഡോ. സൗമ്യ സ്വാമിനാഥൻ പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷൻ ലീഡർ ഇൻസൈറ്റിലെ പ്രഭാഷണ പരമ്പരയിൽ ശാസ്ത്രം, സുസ്ഥിര വികസനം, സാമൂഹിക ശാക്തീകരണം എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു എല്ലാ ജീവജാലങ്ങൾക്കുമായി ജീവിക്കാൻ ഒരു ഗ്രഹം മാത്രമാണുള്ളത്. അതുകൊുതന്നെ ഗുരുതരമായി ബാധിക്കുന്ന ഏതൊരു പ്രശ്നവും എല്ലാവരേയും ബാധിക്കുമെന്നത് വലിയ വിപത്തുകളുാക്കും. ഭൗമ രാഷ്ട്രീയം ഉൾപ്പെടെ ആരോഗ്യ രംഗത്ത് വലിയ പ്രതിസന്ധികൾ സൃഷ്ടിക്കുന്നു്. കോവിഡ് വ്യാപനമുായപ്പോൾ അതേക്കുറിച്ച് പഠിക്കാൻ ചൈന ലോകത്തിന് വാതിൽ തുറന്നുകൊടുക്കാതിരുന്നത് ഗുരുതര പ്രതിസന്ധിയിലേക്കാണ് നയിച്ചതെന്നും അവർ വിശദമാക്കി. ലോകാരോഗ്യ സംഘടനയ്ക്ക് നൽകുന്ന സഹായം നിർത്തലാക്കാനുള്ള പ്രസിഡന്റ് ട്രംപിന്റെ തീരുമാനം ലോകത്തിന് ദൂരവ്യാപകമായ ഫലമാണുാക്കുക. ലോകാരോഗ്യ സംഘടനയ്ക്ക് ലഭിക്കുന്ന ഫിൽ 20 ശതമാനമാണ് അമേരിക്കയുടെ സംഭാവന. സാമ്പത്തികമായി ലോകാരോഗ്യ സംഘടന ബുദ്ധിമുട്ടിലാകും. അതിനു പുറമേ ലോകാരോഗ്യ നെറ്റ്വർക്കിൽ നിന്നും അമേരിക്ക മാറി നിൽക്കുന്നത് പല ഗുരുതര വിഷയങ്ങളും പരിഹരിക്കുന്നതിന് പ്രതിസന്ധിയുാക്കുമെന്നും ഡോ. സൗമ്യ സ്വാമിനാഥൻ പറഞ്ഞു. ആരോഗ്യവും ജനനവും മരണവുമായി ബന്ധപ്പെട്ട പരമാവധി വിവരങ്ങൾ വികസിത രാജ്യങ്ങൾ ശേഖരിക്കുന്നു്. എന്നാൽ ഇന്ത്യ പോലുള്ള പിന്നാക്ക രാജ്യങ്ങൾ വിശാലമായ തരത്തിൽ ഉപയോഗിക്കാനാവുന്ന വിവര ശേഖരണം നടത്തുന്നില്ല. ജനനവും മരണവും രേഖപ്പെടുത്തുന്നുങ്കിലും മരണ കാരണം ഉൾപ്പെടെ രേഖപ്പെടുത്തുമ്പോഴാണ് ആരോഗ്യവുമായി ബന്ധപ്പെട്ട വ്യത്യസ്ത വിവരങ്ങൾ ലഭ്യമാവുകയുള്ളുവെന്നും അവർ പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. കെ എം എ വൈസ് പ്രസിഡന്റും പ്രോഗ്രാം കമ്മിറ്റി ചെയറുമായ അൽജിയേഴ്സ് ഖാലിദ് സ്വാഗതവും ഹോണററി സെക്രട്ടറി ഡോ. അനിൽ ജോസഫ് നന്ദിയും പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഫെഡറൽ ബാങ്കിന് റെക്കോഡ് പ്രവർത്തനലാഭം

കൊച്ചി: 2024 ഡിസംബർ 31 ന് അവസാനിച്ച സാമ്പത്തികവർഷത്തെ മൂന്നാം പാദത്തിൽ ഫെഡറൽ ബാങ്ക് 1569 കോടി രൂപ പ്രവർത്തനലാഭം രേഖപ്പെടുത്തി. ചരിത്രത്തിലെ ഏറ്റവുമുയർന്ന പ്രവർത്തനലാഭമാണ് ഫെഡറൽ ബാങ്ക് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് ബാങ്കിന്റെ എംഡിയും സി ഇ ഓയുമായ കെ വി എസ് മണിയൻ വ്യക്തമാക്കി. വായ്പാ വിതരണത്തിലും ബാങ്കിന് മികച്ച വളർച്ച കൈവരിക്കാൻ സാധിച്ചു. ആകെ വായ്പ മുൻ വർഷത്തെ 199185 കോടി രൂപയിൽ നിന്ന് 230370 കോടി രൂപയായി വർധിച്ചു. റീട്ടെയ്ൽ വായ്പകൾ 13 ശതമാനം വർധിച്ച് 73499 കോടി രൂപയായി. കാർഷിക വായ്പകൾ 27.91 ശതമാനം വർധിച്ച് 34074 കോടി രൂപയിലും വാണിജ്യ ബാങ്കിങ് വായ്പകൾ 24.76 ശതമാനം വർധിച്ച് 25880 കോടി രൂപയിലും കോർപറേറ്റ് വായ്പകൾ 7.62 ശതമാനം വർധിച്ച് 77465 കോടി രൂപയിലുമെത്തി. ബിസിനസ് ബാങ്കിംഗ് വായ്പകൾ 13.21 ശതമാനം വർദ്ധിച്ച് 18923 കോടി രൂപയായി.അറ്റപലിശ വരുമാനവും ചരിത്രത്തിലെ ഏറ്റവുമുയർന്നതായി. 14.50 ശതമാനം വർധനവോടെ അറ്റപലിശ വരുമാനം 2431.34 കോടി രൂപയിലെത്തി. കഴിഞ്ഞ സാമ്പത്തിക വർഷം ഇത് 2123.36 കോടി രൂപയായിരുന്നു.കഴിഞ്ഞ ദശാബ്ദത്തിലെ ഏറ്റവും മികച്ച ആസ്തിഗുണമേന്മയാണ് ബാങ്ക് കൈവരിച്ചിരിക്കുന്നത്. 4553.31 കോടി രൂപയാണ് ബാങ്കിന്റെ മൊത്ത നിഷ്ക്രിയ ആസ്തി. മൊത്തം വായ്പകളുടെ 1.95 ശതമാനമാണിത്. അറ്റ നിഷ്ക്രിയ ആസ്തി 1131.17 കോടി രൂപയാണ്. മൊത്തം വായ്പകളുടെ 0.49 ശതമാനമാണിത്.74 .21 ആണ് നീക്കിയിരുപ്പ് അനുപാതം. ഈ പാദത്തോടെ ബാങ്കിന്റെ അറ്റമൂല്യം 32077.05 കോടി രൂപയായി വർധിച്ചു. 15.16 ശതമാനമാണ് മൂലധന പര്യാപ്തതാ അനുപാതം. ബാങ്കിന് നിലവിൽ 1550 ബാങ്കിംഗ് ഔട്ട് ലെറ്റുകളും 2054 എടിഎം/ സിഡിഎമ്മുകളുമുണ്ട്.

# ഭവന സുരക്ഷയക്ക് ആധുനിക സാങ്കേതിക വിദ്യകൾക്ക് മുൻഗണന നൽകുന്നു

കൊച്ചി: ദേശീയ ടൂറിസം ദിനത്തിന് മുന്നോടിയായി ഗോദ്റെജ് എൻറർപ്രൈസസ് ഗ്രൂപ്പിൻറെ ഭാഗമായ സെക്യൂരിറ്റി സൊലൂഷ്യൻസ് ബിസിനസ് നടത്തിയ ഹാപ്പിനസ് സർവെയിൽ പങ്കെടുത്ത 53 ശതമാനം പേരും ഭവന സുരക്ഷയ്ക്ക് ആധുനിക സാങ്കേതികവിദ്യയ്ക്കു മുൻഗണന നൽകി. യാത്ര പോകുമ്പോൾ മനസമാധാനം നൽകുന്ന നൂതനവും സ്മാർട്ടുമായ സുരക്ഷാ സംവിധാനങ്ങളോടുള്ള ഉപഭോക്താക്കളുടെ താൽപര്യം വർധിക്കുന്നു എന്നാണ് ഇത് വ്യക്തമാക്കപ്പെടുന്നത്.ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ ടൂറിസത്തിൻറെ നിർണായക പങ്ക് വ്യക്തമാക്കുന്നതാണ് ദേശീയ ടൂറിസം ദിനം. 2027ഓടെ മൂന്നാമത്തെ വലിയ ആഭ്യന്തര വിപണിയായി മാറും. 2024ൽ മാത്രം 25,010 കോടി രൂപ ഫോറിൻ എക്സ്ചേഞ്ചിലൂടെ നേടി തന്നു. യാത്രകൾ വർധിക്കുമ്പോൾ വീടുകൾ സുരക്ഷിതമാക്കുന്നതിലുള്ള ആശങ്കകൾ വർധിക്കുന്നു. ആധുനിക സുരക്ഷാ സംവിധാങ്ങൾക്ക് മുൻഗണന നൽകുമ്പോൾ തന്നെ 50ശതമാനം വീട്ടുടമകളും എളുപ്പത്തിൽ ഉപയോഗിക്കാവുന്നവയോട് താൽപര്യം പ്രകടിപ്പിക്കുന്നുവെന്ന് സർവെ വ്യക്തമാക്കുന്നു.44 ശതമാനം പേർ വിശ്വസനീയത വലിയ കാര്യമായി കാണുന്നു. ഉപയോഗിക്കാൻ എളുപ്പവും തടസമില്ലാതെ സുരക്ഷ ഉറപ്പാക്കുന്നുമായ സ്മാർട്ട് സംവിധാനങ്ങളോടാണ് താൽപര്യമെന്ന് ഇത് തെളിയിക്കുന്നു. ഡൽഹി, മുംബൈ, ബാംഗളൂർ, കൊൽക്കത്ത, ചെന്നൈ എന്നിവ ഉൾപ്പടെ 12 പ്രധാന നഗരങ്ങളിലായി 2,400 പേരിൽ നിന്നാണ് സർവേ വിവരങ്ങൾ തേടിയത്.

# എന്റെ കേരളം, എന്റെ ഇമാജിൻ' അനാവരണം ചെയ്തു




കൊച്ചി: ആംപിൾ ഗ്രൂപ്പ് 'എന്റെ കേരളം, എന്റെ ഇമാജിൻ' ക്യാംപെയ്ൻ ആരംഭിച്ചു. ആപ്പിളിന്റെ നൂതന ഉൽപ്പന്നങ്ങൾ ഉപഭോക്താക്കളെ പരിചയപ്പെടുത്തുന്ന ഈ ക്യാംപെയ്ൻ കേരളത്തിന്റെ തനത് പാരമ്പര്യവും സംസ്കാരവും വിളിച്ചോതുന്ന തരത്തിലാണ് രൂപകൽപന ചെയ്തിരിക്കുന്നത്. കേരളത്തിലെ 7 നഗരങ്ങളിലായി 12 സ്റ്റോറുകളുള്ള ഇമാജിൻ ആപ്പിളിന്റെ പ്രീമിയം സാങ്കേതികവിദ്യ മിതമായ നിരക്കിൽ ജനങ്ങളിലെത്തിക്കാനാണ് ക്യാംപെയ്നിലൂടെ ലക്ഷ്യമിടുന്നത്.ലളിതവും താങ്ങാവുന്നതുമായ ഇഎംഐ ഓപ്ഷനുകൾ ഉപയോഗിച്ച്, ഉപഭോക്താക്കൾക്ക് ആപ്പിൾ ഉൽപ്പന്നങ്ങൾ വാങ്ങാനുള്ള അവസരമാണ് ഇമാജിൻ ഒരുക്കിയിട്ടുള്ളത്. പ്രതിദിനം 53 രൂപ ഇഎംഐയിൽ ഐഫോൺ 16ഉം, 107 രൂപയ്ക്ക് സ്ലീക്ക് മാക്ബുക്ക് എയർ എം3യും സ്വന്തമാക്കാനുള്ള അവസരത്തിലൂടെ പ്രീമിയം സാങ്കേതികവിദ്യ ജനങ്ങളിലേക്ക് കൂടുതലായി എത്തിക്കാൻ ലക്ഷ്യമിടുന്നതായി കമ്പനി പറയുന്നു. ലോകോത്തര നിലവാരമുള്ള ഉൽപ്പന്നങ്ങൾ എല്ലാവരിലുമെത്തിക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് ആപ്പിളിന്റെ നവീനമായ സാങ്കേതികവിദ്യ മിതമായ നിരക്കിൽ കേരളത്തിലേക്ക് കൊണ്ടുവരുന്നതെന്ന് ആംപിൾ ചീഫ് ബിസിനസ് ഓഫീസർ പാർഥസാരഥി ഭട്ടാചാര്യ പറഞ്ഞു. പാരമ്പര്യവും സാങ്കേതികവിദ്യയും കണ്ടുമുട്ടുന്ന ആഘോഷമാണ് എന്റെ കേരളം, എന്റെ ഇമാജിൻ ക്യാംപെയ്നെന്ന് ആംപിൾ ചീഫ് മാർക്കറ്റിംഗ് ഓഫീസർ നേഹ ജിൻഡാൽ പറഞ്ഞു.

# ഡോർഫ്കെറ്റൽ കെമിക്കൽസ് ഇന്ത്യ ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ആഗോള നിർമ്മാതാവും വിതരണക്കാരുമായ ഡോർഫ്കെറ്റൽ കെമിക്കൽസ് ഇന്ത്യ ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.ഓഹരി ഒന്നിന് 5 രൂപ വീതം മുഖവിലയുള്ള 5000 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളാണ് മൊത്തം ഐപിഒ ഉള്ളത്. ഇതിൽ 1500 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും 3500 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, സിറ്റിഗ്രൂപ്പ് ഗ്ലോബൽ മാർക്കറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, എച്ച്എസ്ബിസി സെക്യൂരിറ്റീസ് ആൻഡ് ക്യാപിറ്റൽ മാർക്കറ്റ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, ജെപി മോർഗൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, മോർഗൻ സ്റ്റാൻലി ഇന്ത്യ കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെൻറ് അഡ്വൈസേഴ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# കരംതാര എഞ്ചിനീയറിംഗ് ഐപിഒയ്ക്ക്

**കൊച്ചി:** പവർ ട്രാൻസ്മിഷൻ സ്ഥാപനമായ കരംതാര എഞ്ചിനീയറിംഗ് 1,750 കോടി രൂപയുടെ പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാഥമിക പേപ്പറുകൾ സമർപ്പിച്ചു.1,350 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 400 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഫിക്സ്ഡ്ടിൽറ്റ്, ട്രാക്കറുകൾ എന്നിവ ഉൾപ്പെടുന്ന സോളാർ സ്ട്രക്ചറുകളുടെ എല്ലാ ആവശ്യങ്ങൾക്കും സേവനം നൽകാൻ കഴിയുന്ന വൈവിധ്യമാർന്ന ഉൽപ്പന്ന നിര കമ്പനി ലഭ്യമാക്കുന്നു.കമ്പനി ട്രാൻസ്മിഷൻ ലൈനുകൾക്കുള്ള ലാറ്റിസ് ഘടനകൾ, സോളാറിനുള്ള ഫാസ്റ്റനറുകൾ, കാറ്റ്, ട്രാൻസ്മിഷൻ, വ്യാവസായിക മേഖലകൾക്കുള്ള ഫാസ്റ്റനറുകൾ, കൂടാതെ ഓവർഹെഡ് ട്രാൻസ്മിഷൻ ലൈനുകൾക്കുള്ള ഹാർഡ്വെയർ ഫിറ്റിംഗുകളും ആക്സസറികളുമാണ് നൽകുന്നത്.ജെഎം ഫിനാൻഷ്യൽ, ഐസിഐസിഐ സെക്യൂരിറ്റീസ്, ഐഐഎഫ്എൽ ക്യാപിറ്റൽ എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ. മുമ്പ് ലിങ്ക് ഇൻടൈം ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്നറിയപ്പെട്ടിരുന്ന എംയുഎഫ്ജി ഇൻടൈം ഇന്ത്യയെ ഇഷ്യുവിൻറെ രജിസ്ട്രാറായി നിയമിച്ചിട്ട്.

# ബയർ സെല്ലർ സംഗമം

**കൊച്ചി:** കർഷക ഉൽപാദക കമ്പനികൾ, സ്വയം സഹായക സംഘങ്ങൾ, ചെറുകിട സംരംഭകർ എന്നിവരുടെ തദ്ദേശീയവും ശുദ്ധവുമായ ഭക്ഷ്യകാർഷിക ഉൽപന്നങ്ങൾക്ക് വിപണി ലക്ഷ്യമിട്ടുള്ള മൂന്നാമത് ബയർ സെല്ലർ സംഗമം കൊച്ചിയിൽ നടക്കും. ഫെബ്രുവരി ഒന്ന് മുതൽ മൂന്ന് വരെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടക്കുന്ന സ്ഥാപകദിനാഘോഷ മേളയിലാണ് സംഗമം.കർഷകസ്വയം സഹായ സംഘങ്ങൾക്ക് സൗജന്യമായി പങ്കെടുക്കാം. അവരുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കാനും വ്യാപാരവിതരണ ഡീലുകൾ ഉറപ്പിക്കാനും അവസരമുാകും. എറണാകുളം കൃഷി വിജ്ഞാന കേന്ദ്രമാണ്(കെവികെ) നേതൃത്വം നൽകുന്നത്.ഉൽപന്നങ്ങൾ വിപണിയിലിറക്കുന്നതിനുള്ള ലോഞ്ചിങ് സെഷനുകൾ, അനുഭവങ്ങൾ പങ്കിടുന്നതിനുള്ള അവസരങ്ങൾ, ഡിജിറ്റൽ മാർക്കറ്റിങ് ഉൾപ്പെടെയുള്ള പുത്തൻ വിപണന തന്ത്രങ്ങളിൽ വിദഗ്ധരുടെ ക്ളാസുകൾ എന്നിവയും സംഗമത്തിലുാകും.കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും കെവികെയെ ബന്ധപ്പെടുക. ഫോൺ 8590941255.

# യൂണിയൻ ക്രിസ്ത്യൻ കോളേജിന് ഓട്ടോണമസ് പദവി

**കൊച്ചി:** ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജിന് അക്കാദമിക മികവിന്റെ അംഗീകാരമായി ഓട്ടോണമസ് പദവി ലഭിച്ചു.

ഉന്നത വിദ്യാഭ്യാസരംഗത്ത് തിളക്കമാർന്ന 103 വർഷത്തെ പാരമ്പര്യം അവകാശപ്പെടാനുള്ള യുസി കോളേജിന്റെ പാഠ്യപാഠ്യേതര, ഗവേഷണ രംഗത്തെ മികവിനുള്ള അംഗീകാരമാണ് ഓട്ടോണമസ് പദവി എന്ന് മാനേജർ ഡോ. കെ. പി. ഔസേപ്പ്, ഐ എഫ് എസ്, പ്രിൻസിപ്പൽ ഡോ. മിനി ആലീസ് എന്നിവർ അറിയിച്ചു.മഹാത്മാഗാന്ധി സർവ്വകലാശാലയും ആയുള്ള ബന്ധം നിലനിർത്തുന്നതിനോടൊപ്പം പാഠ്യപദ്ധതികൾ സ്വതന്ത്രമായി രൂപകല്പന ചെയ്ത് നടപ്പാക്കുവാനും പരീക്ഷകളും മൂല്യനിർണയവും സ്വതന്ത്രമായി നടത്തുവാനും ഓട്ടോണമസ് പദവി കോളേജിനെ അനുവദിക്കുന്നു. ഇതോടൊപ്പം ആഗോള പ്രാധാന്യമുള്ള പാഠ്യപദ്ധതികൾ ആരംഭിക്കുവാനും ഗവേഷണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുവാനും വിദ്യാർത്ഥികളുടെ തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുവാനും ഓട്ടോണമസ് പദവി വഴിയൊരുക്കും.നാക്ക് അക്രിഡിറ്റേഷനിൽ അഞ്ചാം സൈക്കിളിൽ 3.53 എന്ന സ്കോറോടെ ഏറ്റവും ഉയർന്ന ഗ്രേഡ് ആയ അ++ നേട്ടം കഴിഞ്ഞവർഷം കോളേജ് കൈവരിച്ചിരുന്നു.

# കൊച്ചിയിൽ എഎച്ച്പിഐ അന്താരാഷ്ട്ര കോൺക്ലേവ്

**കൊച്ചി:** കൊച്ചിയിൽ അന്താരാഷ്ട്ര കോൺക്ലേവ് സംഘടിപ്പിക്കുവാനൊരുങ്ങി അസോസിയേഷൻ ഓഫ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് ഇന്ത്യ (എഎച്ച്പിഐ). ജനുവരി 31, ഫെബ്രുവരി 1 തീയ്യതികളിൽ കൊച്ചി ലേ മെറിഡിയനിലാണ് 'രോഗീ കേന്ദ്രീകൃത പരിചരണം; ഹോസ്പിറ്റൽ മാനേജ്മെന്റിലെ വിപ്ലവകരമായ മാറ്റങ്ങൾ' എന്ന വിഷയത്തിൽ അന്താരാഷ്ട്ര ദ്വിദിന കോൺക്ലേവ് സംഘടിപ്പിക്കപ്പെടുന്നത്. കിംസ്ഹെൽത്ത് മാനേജിംഗ് ഡയറക്ടറും ചെയർമാനുമായ ഡോ. എംഐ സഹദുള്ള (ഓർഗനൈസിംഗ് ചെയർ), രാജഗിരി ഹോസ്പിറ്റൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാദർ ജോൺസൺ വാഴപ്പിള്ളി (ഓർഗനൈസിംഗ് കോ. ചെയർ), കിൻഡർ ഹോസ്പിറ്റൽസ് സിഇഒ രഞ്ജിത് കൃഷ്ണൻ (ഓർഗനൈസിംഗ് സെക്രട്ടറി) എന്നിവർ നേതൃത്വം നൽകുന്ന കോൺക്ലേവിൽ എഎച്ച്പിഐ ഡയറക്ടർ ജനറൽ ഡോ.ഗിർധർ ഗ്യാനി, പ്രസിഡന്റ് ഡോ. ഭബതോഷ് ബിശ്വാസ്, സ്ഥാപകാംഗമായ ഡോ. അലക്സ് തോമസ്, ഡയറക്ടർ ഡോ. സുനിൽ ഖേതർപൽ തുടങ്ങിയവ പ്രമുഖരും പങ്കെടുക്കും. ആരോഗ്യമേഖലയിലെ അന്താരാഷ്ട്ര തലത്തിലുള്ള വിദഗ്ധർ, നയരൂപകർത്താക്കൾ തുടങ്ങിയവർ തങ്ങളുടെ ഉൾക്കാഴ്ചകൾ പങ്കുവയ്ക്കുന്ന ഒരു വേദിയായിരിക്കും ഈ കോൺക്ലേവ്. രോഗീ കേന്ദ്രീകൃമായ പരിചരണ മാതൃകകളുടെ സമന്വയവും യൂണിവേഴ്സൽ ഹെൽത്ത് കവറേജ് (യുഎച്ച്സി) യാഥാർഥ്യമാക്കുക എന്നതുമാണ് കോൺക്ലേവിൽ ഊന്നൽ നൽകുന്ന പ്രധാന വിഷയങ്ങളെങ്കിലും അതോടൊപ്പം ആരോഗ്യമേഖലയുടെ മെച്ചപ്പെട്ട ഭാവിയ്ക്കായുള്ള നൂതന മാർഗങ്ങളും കോൺക്ലേവിൽ ചർച്ചയാകും.

# മാൻ കാൻകോർ സന്ദർശിച്ച് ഫ്രഞ്ച് അംബാസിഡർ തീയറി മത്താവു



കൊച്ചി: അങ്കമാലി ആസ്ഥാനമായുള്ള പ്രമുഖ ആഗോള സുഗന്ധ വ്യഞ്ജന ഉത്പാദകരായ മാൻ കാൻകോർ (ങമില ഗമിരീൃ) സന്ദർശിച്ച് ഫ്രഞ്ച് അംബാസിഡർ തീയറി മത്താവു. ഇന്ത്യയും ഫ്രാൻസും തമ്മിലുള്ള വ്യാവസായിക വാണിജ്യ ബന്ധം ശക്തിപ്പെടുത്തുന്നതിൻറെ ഭാഗമായിട്ടായിരുന്നു തീയറി മത്താവുവിൻറെ സന്ദർശനം. പോണ്ടിച്ചേരിയിലെ ഫ്രഞ്ചു കോൺസൽ ജനറൽ എറ്റിയാൻ റോളൻഡ്പിയേഗ് ഉൾപ്പെടുന്ന ഒരു പ്രതിനിധി സംഘവുംഅംബാസിഡറോടൊപ്പമുണ്ടായിരുന്നു. ഡോ.ജീമോൻ കോര (ഡയറക്ടർ ആൻഡ് സിഇഒ, മാൻ കാൻകോർ), മാത്യു വർഗീസ് (സീനിയർ വൈസ് പ്രസിഡന്റ് ഓപ്പറേഷൻസ്, മാൻ കാൻകോർ), മാർട്ടിൻ ജാക്കബ് (വൈസ് പ്രസിഡന്റ് എച്ച്ആർ, മാൻ കാൻകോർ) എന്നിവർ ചേർന്ന് ഫ്രഞ്ചു അംബാസിഡറെയും സംഘത്തെയും സ്വീകരിച്ചു. മാൻ കാൻകോർ കമ്പനിയുടെ പ്ലാന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ഭാവി പദ്ധതികളെക്കുറിച്ചും കമ്പനി അധികൃതർ സംഘാംഗങ്ങൾക്ക് മുന്നിൽ വിവരിച്ചു. പ്ലാന്റിലെ അത്യാധുനിക പ്രവർത്തനങ്ങളും സാങ്കേതിക വിദ്യയും വിശദമായി തന്നെ പ്രതിനിധി സംഘം മനസിലാക്കി. ഇന്ത്യയും ഫ്രാൻസും തമ്മിൽ സഹകരിച്ചു പ്രവർത്തിക്കാവുന്ന മേഖലകളെകുറിച്ച് ദീർഘമായി ചർച്ച ചെയ്താണ് സംഘം സന്ദർശനം അവസാനിപ്പിച്ചത്.വിവിധ ഉത്പാദക മേഖലകളിൽ ഉപയോഗിക്കുന്ന ഒലിയോറെസിൻസ്, എസ്സൻഷ്യൽ ഓയിൽസ്, നാചറൽ ആന്റി ഓക്സിഡന്റുകൾ, നാചറൽ കളറുകൾ, കളിനറി, ന്യൂട്രാസ്യൂട്ടിക്കൽ, പേർസണൽ കെയർ ഇൻഗ്രീഡിയൻസ്, ഗ്രൗണ്ട് സ്പൈസസ് ആൻറ് സ്പൈസ് ബ്ലൻഡ്സ് എന്നിവയാണ്മാൻ കാൻകോർ കമ്പനിയുടെ പ്രധാന ഉത്പ്പന്നങ്ങൾ. രാജ്യാന്തര നിലവാരത്തിൽ ആഗോള മാനദണ്ഡങ്ങൾ പാലിച്ചാണ് കമ്പനിയുടെ ഓരോ ഉൽപ്പനങ്ങളും വിപണിയിൽ എത്തിക്കുന്നത്. ലോകമെമ്പാടുമുള്ള 80ലധികം രാജ്യങ്ങളിൽ മാൻ കാന്കോർ സാന്നിധ്യമറിയിച്ചിട്ടുണ്ട്.

## കൊച്ചിൻ ഓർത്തോപീഡിക് സൊസൈറ്റിക്ക് മികച്ച ചാപ്റ്റർ അവാർഡ്

കൊച്ചി : 2023-24 വർഷത്തെ കേരള ഓർത്തോപീഡിക് അസോസിയേഷന്റെ മികച്ച ചാപ്റ്ററായി കൊച്ചിൻ ഓർത്തോപീഡിക് സൊസൈറ്റിയെ തിരഞ്ഞെടുത്തു.ഈ കാലയളവിലെ കൊച്ചിൻ ഓർത്തോപീഡിക് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കും നേട്ടങ്ങൾക്കും അംഗീകാരമായാണ് അവാർഡ്.ഓർത്തോപീഡിക് അസോസിയേഷന്റെ സംസ്ഥാന സമ്മേളനത്തിൽ കൊച്ചിൻ ഓർത്തോപീഡിക് സൊസൈറ്റിയുടെ പ്രസിഡന്റ് ഡോ. ജോൺ തയ്യിൽ ജോണും സെക്രട്ടറി ഡോ. ജിസ് ജോസഫ് പനക്കലും ചേർന്ന് അവാർഡ് ഏറ്റുവാങ്ങി.



# കനറാ ബാങ്കിന് 4,104 കോടി അറ്റാദായം

**കൊച്ചി:** നടപ്പു സാമ്പത്തിക വർഷത്തിലെ മൂന്നാം പാദത്തിൽ കനറാ ബാങ്ക് 4,104 കോടി രൂപയുടെ അറ്റാദായം നേടി. 12.25 ശതമാനമാണ് വർധനവ്. ബാങ്കിന്റെ ആകെ ബിസിനസ് 9.30 ശതമാനം വളർച്ചയോടെ 24.19 ലക്ഷം കോടി രൂപയിലെത്തി. ഡിസംബർ മാസത്തെ കണക്കനുസരിച്ച്, 13.69 ലക്ഷം കോടി രൂപയുടെ നിക്ഷേപവും 10.49 ലക്ഷം കോടി രൂപയുടെ വായ്പയുമാണ് രേഖപ്പെടുത്തിയത്. നിക്ഷേപങ്ങളിൽ 8.44 ശതമാനവും വായ്പകളിൽ 10.45 ശതമാനവുമാണ് വാർഷിക വളർച്ച. മൊത്ത നിഷ്ക്രിയ ആസ്തികളിൽ മുൻവർഷത്തെ ഇതേ പാദത്തിലെ 4.39 ശതമാനത്തിൽ നിന്നും 3.34 ശതമാനമാക്കി കുറയ്ക്കാൻ സാധിച്ചു. അറ്റ നിഷ്ക്രിയ ആസ്തി മുൻ വർഷത്തെ 1.32 ശതമാനത്തിൽനിന്ന് 0.89 ശതമാനമായി കുറഞ്ഞു. ഡിസംബറിലെ കണക്കുപ്രകാരം, കനറാ ബാങ്കിന് രാജ്യത്തുടനീളം 9816 ശാഖകളും 9715 എടിഎമ്മുകളുമു്.

# ട്രൂകോളർ ഐഫോണിലും അവതരിപ്പിച്ചു

**ബെംഗളൂരു:** പ്രമുഖ ആഗോള ആശയവിനിമയ പ്ലാറ്റ്ഫോമായ ട്രൂകോളർ, ഐഫോണിനായി ഇതുവരെയുള്ളതിൽ വച്ച് ഏറ്റവും വലിയ അപ്ഡേറ്റ് പ്രഖ്യാപിച്ചു. പുതിയ അപ്ഡേറ്റ് ഇപ്പോൾ എല്ലായിടത്തും ട്രൂകോളറിന്റെ സ്പാം, സ്കാം ബ്ലോക്കിംഗ് കഴിവുകളുടെ മുഴുവൻ ശക്തിയും ഐഫോൺ ഉപയോക്താക്കൾക്ക് വാഗ്ദാനം ചെയ്യുന്നു

# ഒഎൻഒഎസ് പദ്ധതിയിൽ കേംബ്രിജ് യൂണിവേഴ്സിറ്റിയും

**കൊച്ചി:** രാജ്യമെങ്ങും അക്കാദമിക്, ഗവേഷണ മികവ് വർധിപ്പിക്കുന്നതിനു ലക്ഷ്യമിട്ടുള്ള കേന്ദ്ര സർക്കാരിന്റെ ഒരു രാഷ്ട്രം ഒരു സബ്സ്ക്രി പ്ഷൻ (ഒഎൻഒഎസ്) പദ്ധതിയിൽ കേംബ്രി ജ് യൂണിവേഴ്സിറ്റി പ്രസ് പങ്കാളികളാകും.

ഉന്നത നിലവാരമുള്ള ഗവേഷണവും പിയർ റിവ്യൂ ചെയ്ത ലേഖനങ്ങളും പ്രയോജനപ്പെടുത്താൻ ഇന്ത്യയിലെ അക്കാദമിക് സമൂഹ ത്തെ പ്രാപ്തരാക്കുന്നതിനാണു സഹകരണമെന്ന് അധികൃതർ അറിയിച്ചു

# സംരംഭകത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു

കൊച്ചി: എറണാകുളം, തൃശൂർ ജില്ലകളിലെ പ്രവാസി സംരംഭകർക്കായി നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്ററിന്റെ (NBFC) ആഭിമുഖ്യത്തിൽ സൗജന്യ ഏകദിന സംരംഭകത്വ പരിശീലന പരിപാടി സംഘടിപ്പിച്ചു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റിന്റെ (KIED) എറണാകുളം കളമശേരിയിലെ ക്യാമ്പസിലായിരുന്നു ഏകദിന പരിശീലനം. പരിശീലനപരിപാടിയിൽ 51 പ്രവാസികൾ പങ്കെടുത്തു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആൻഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. സജി പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. എൻബിഎഫ്സി പ്രോജക്ട്സ് മാനേജർ കെ.വി. സുരേഷ്, സീനിയർ പ്രോഗ്രാം കോഓർഡിനേറ്റർ ബി. ഷറഫുദ്ദീൻ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.നോർക്ക റൂട്ട്സ്, വ്യവസായ വകുപ്പ്, മറ്റ് ധനകാര്യസ്ഥാപനങ്ങൾ, വകുപ്പുകൾ എന്നിവ വഴി നടപ്പിലാക്കുന്ന വിവിധ സംരംഭകസഹായ പദ്ധതികൾ, വ്യവസായ സംരംഭത്തിനാവശ്യമായ വിവിധ തരം ലൈസൻസുകൾ, ജിഎസ്ടി എന്നിവ സംബന്ധിച്ച് പരിശീലനവും പൊതു സംശയങ്ങൾക്കുള്ള മറുപടിയും നൽകി. പ്രോജക്റ്റുകൾ തയാറാക്കുന്നത് സംബന്ധിച്ചും, എംഎസ്എംഇയെക്കുറിച്ചും അവബോധമുാക്കാനുള്ള ക്ലാസുകളും സംഘടിപ്പിച്ചിരുന്നു.

# ഒരു വടക്കൻ വീരഗാഥാ റീ റിലീസിന്

കൊച്ചി: മലയാളത്തിലെ എക്കാലത്തെയും ക്ലാസിക് ചിത്രങ്ങളിലൊന്നായ ഒരു വടക്കൻ വീരഗാഥയുടെ പുതിയ പതിപ്പിന്റെ ട്രെെലെർ ലോഞ്ച് അമ്മയുടെ ഓഫീസിൽ നടന്നു. മോഹൻലാൽ മമ്മൂട്ടി സുരേഷ് ഗോപി എന്നിവർ ചേർന്ന് ട്രെെലെർ ലോഞ്ച് ചെയ്തു. ചിത്രത്തിൽ അഭിനയിച്ച വിനീത് കുമാർ, ജോമോൾ, രാമു എന്നിവർ സന്നിഹിതരായിരുന്നു. അന്തരിച്ച നിർമാതാവ് പി വി ഗംഗാധരന്റെ മക്കളായ ഷെനുഗ ജയതിലക്, ഷെർഗ സന്ദീപ് എന്നിവരും പങ്കെടുത്തു.

# കീവേ ഇന്ത്യ കെ 300 എസ് എഫ് പുറത്തിറക്കി

**കൊച്ചി:** ആദീശ്വർ ഓട്ടോ റൈഡ് ഇന്ത്യയുടെ ഉടമസ്ഥതയിലുള്ള കീവേ ഇന്ത്യ തങ്ങളുടെ ജനപ്രിയ കെ 300 മോട്ടോർസൈക്കിൾ സീരീസിന്റെ പ്രത്യേക പതിപ്പ് കീവേ കെ 300 എസ്എഫ് (സ്ട്രീറ്റ് ഫൈറ്റർ) പുറത്തിറക്കി. എക്സ്ക്ലൂസീവ് ഉദ്ഘാടന ഓഫറിന്റെ ഭാഗമായി, ആദ്യത്തെ 100 ഉപഭോക്താക്കൾക്ക് 1.69 ലക്ഷം രൂപയ്ക്ക് (എക്സ്ഷോറൂം വില) മോട്ടോർസൈക്കിൾ സ്വന്തമാക്കാം. കെ 300 എസ്എഫിന്റെ നവീകരിച്ച പതിപ്പാണ് കെ 300 എസ് എഫ്.292.4 സിസി, ലിക്വിഡ്കൂൾഡ്, സിംഗിൾ സിലിണ്ടർ, 4സ്ട്രോക്ക് എഞ്ചിൻ, 27.5 ബിഎച്ച്പി കരുത്ത്, 6 സ്പീഡ് ഗിയർബോക്സ്., കരുത്തുറ്റ എൽഇഡി ഹെഡ് ലാമ്പ്, എർഗോണോമിക് സീറ്റ്, ഡ്യുവൽചാനൽ എബിഎസ് തുടങ്ങിയ സവിശേഷതകളോടെയാണ് കെ 300 എസ് എഫ് പുറത്തിറങ്ങുന്നത്. ഇന്ത്യൻ റൈഡർമാരുടെ ആവശ്യങ്ങൾക്കനുസരിച്ച് ലോകോത്തര വാഹനങ്ങൾ പുറത്തിറക്കുന്നതിന്റെ ഭാഗമായാണ് കെ 300 എസ് എഫ് അവതരിപ്പിക്കുന്നതെന്ന് കീവേ ഇന്ത്യ മാനേജിംഗ് ഡയറക്ടർ വികാസ് ജബാഖ് പറഞ്ഞു.ഇന്ത്യയിലുടനീളമുള്ള അംഗീകൃത കീവേ ഡീലർഷിപ്പുകളിൽ കീവേ 300 എസ്എഫ് ഉടൻ ലഭ്യമാകും. വിശദമായ ഉൽപ്പന്ന സവിശേഷതകൾ, ഡീലർ ലൊക്കേഷനുകൾ, ബുക്കിംഗ് വിവരങ്ങൾ തുടങ്ങിയ വിവരങ്ങൾ കീവേ ഇന്ത്യയുടെ വെബ്സൈറ്റിൽ ലഭിക്കും.



# യുഎൻഡിപിയും കൊക്കകോള ഫൗണ്ടേഷനും കൈകോർക്കുന്നു

**കൊച്ചി :** യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാമും (യുഎൻഡിപി) കൊക്കകോള ഫൗണ്ടേഷനും (ടിസിസിഎഫ്) ഏഷ്യയിൽ വർദ്ധിച്ചുവരുന്ന പ്ലാസ്റ്റിക് മാലിന്യ പ്രതിസന്ധിയെ നേരിടാൻ കൈകോർക്കുന്നു. കൊക്കകോള ഫൗണ്ടേഷന്റെ 15 ദശലക്ഷം ഗ്രാന്റ്, മാലിന്യ സംസ്കരണം മെച്ചപ്പെടുത്തുന്നതിനും പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും പ്ലാസ്റ്റിക് മലിനീകരണം കുറയ്ക്കുന്നതിനുമായി ഒമ്പത് ഏഷ്യൻ രാജ്യങ്ങളിലെ യുഎൻഡിപിയുടെ ശ്രമങ്ങളെ പിന്തുണയ്ക്കും. മൂന്ന് വർഷത്തെ പ്രോഗ്രാം നൂതനമായ പരിഹാരങ്ങൾ വികസിപ്പിക്കുന്നതിലായിരിക്കും ശ്രദ്ധിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ഏഷ്യയിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉയർത്തുന്ന സുപ്രധാനമായ പാരിസ്ഥിതികവും സാമൂഹികവുമായ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിന് നയപരമായ മാറ്റങ്ങൾ പ്രചോദിപ്പിക്കാനും കമ്മ്യൂണിറ്റികളെ ശാക്തീകരിക്കാനും പ്രാദേശിക സഹകരണം വളർത്താനും ഈ സംരംഭം ലക്ഷ്യമിടുന്നു.




# ഇടിക്കൂട്ടിൽ ഏറ്റ് മുട്ടി നടൻ ആന്റണി വർഗീസും അച്ചു ബേബി ജോണും

**കൊച്ചി:** അന്തർദേശീയ പ്രഫഷണൽ ബോക്സിങ് മത്സരത്തിൽ ഇടിക്കൂട്ടിൽ നടന്നത് താരപോരാട്ടം. നടൻ ആന്റണി വർഗീസും മുൻ തൊഴിൽ മന്ത്രി ഷിബു ബേബി ജോണിന്റെ മകനായ അച്ചു ബേബി ജോണും തമ്മിലുള്ള മത്സരത്തിന് ലുലുമാളാണ് വേദിയായത്. കേരള ബോക്സിങ് കൗൺസിലിന്റെ ആഭിമുഖ്യത്തിലാണ് കഴിഞ്ഞ ദിവസം മാളിൽ പ്രഫഷണൽ ബോക്സിങ് ചാമ്പൻഷിപ്പ് സംഘടിപ്പിച്ചത്. 13 വിഭാഗങ്ങളിലായി നടന്ന മത്സരത്തിലെ ഏറ്റവും ആവേശം നടൻ ആന്റണി വർഗീസും അച്ചു ബേബി ജോണും ഏറ്റുമുട്ടിയ മത്സരമായിരുന്നു. വാശിയേറിയ മത്സരത്തിൽ രണ്ടു പേരേയും വിജയികളായി വിധികർത്താക്കൾ പ്രഖ്യാപിച്ചു. ആന്റണി വർഗീസിന്റെ റിലീസിനൊരുങ്ങുന്ന ദാവീദ് സിനിമയുടെ ജേഴ്സിയണിഞ്ഞാണ് താരവും അച്ചു ബേബി ജോണും റിങ്ങിലെത്തിയത്. ബോക്സിങ് പ്രമേയമായി എത്തുന്ന ദാവീദിൽ ആന്റണി വർഗീസിനൊപ്പം അച്ചു ബേബി ജോണും ആദ്യമായി അഭിനയത്തിലേക്ക് ചടുവടുവയ്ക്കുകയും ചെയ്യുകയാണ്. സിനിമയിൽ നിന്ന് വ്യത്യസ്തമായ മത്സരമാണ് റിങ്ങിൽ അരങ്ങേറിയത്. രണ്ടാം റൗണ്ടിന്റെ അവസാനഘട്ടത്തിൽ ആന്റണി വർഗീസിന്റെ പഞ്ചിൽ അച്ചു ബേബി ജോണിന് വയറ്റിന് ഇടിയേറ്റു. ഇടിയുടെ ആഘാതം കൂടിയതോടെ റഫറി ഇടപെട്ടു. പിന്നാലെ എതിർവിഭാഗം എന്നത് മറന്ന് ആന്റണി വർഗീസ് അച്ചുവിന്റെ അടുത്തെത്തി ആശ്വസിപ്പിക്കുകയും ചെയ്തു. നാല് റൗണ്ട് മത്സരം വിധികർത്താക്കൾ തുടർന്ന് രണ്ട് റൗണ്ടാക്കി ചുരുക്കി.
ഒരു മലയാളി താരം ആദ്യമായി പ്രഫഷണൽ ബോക്സിങ് മത്സരത്തിൽ പങ്കെടുക്കുന്ന പ്രത്യേകത കൂടി ലുലു വേദിയായ മത്സരം സാക്ഷിയായി. അന്തർദേശീയ തരത്തിൽ മാറ്റുരച്ച പ്രകടനത്തിൽ അഫ്ഗാനിസ്ഥാൻ താരം താരിഖ് ഖുറാനും ഇന്ത്യൻ താരം ഇമ്രാനും തമ്മിൽ നടന്ന മത്സരം ആവേശമായി മാറി. വനിതാ വിഭാഗത്തിൽ തമിഴ്നാട്ടിൽ നിന്നുള്ള ബോക്സിങ് താരങ്ങളായ രഞ്ജന, ശ്വേത എന്നിവർ ഏറ്റുമുട്ടി. 13 വിഭാഗങ്ങളിലും വ്യത്യസ്ത മത്സരങ്ങൾ അരങ്ങേറി, നാല് റൗണ്ട് , ആറ് റൗണ്ട് എന്നിങ്ങനെ ഇടിയുടെ പഞ്ചിൽ പോയിന്റ് കണക്ക് കൂട്ടിയാണ് ബോക്സിങ്ങിന്റെ വിധിനിർണയം നടന്നത്. തമിഴ്നാട് സ്വദേശിയായ തിരുച്ചെൽവം, തിരുവനന്തപുരം സ്വദേശി, വിഷ്ണു, ശ്രാവൺ ദാസ് തുടങ്ങിയവർ മത്സരത്തിൽ മെഡൽസ് സ്വന്തമാക്കി. കേരള ബോക്സിങ് കൗൺസിൽ പ്രസിഡന്റ് വാജിത്, സെക്രട്ടറി ജോയി ജോർജ്, ലുലുമാൾ ജനറൽ മാനേജർ വിഷ്ണു ആർ നാഥ് തുടങ്ങിയവർ ചടങ്ങിൽ പങ്കാളികളായി.



# ഏഷ്യൻ പെയിന്റ്സ് കെഎൽഎഫ് 2025ന്റെ പങ്കാളി

**കോഴിക്കോട്:** ഏഷ്യൻ പെയിന്റ്സ് കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ 2025ന്റെ (കെഎൽഎഫ്) ഫെസ്റ്റിവൽ പങ്കാളിയാകുന്നു. കെഎൽഎഫിലെ പ്രധാന വേദികളിലൊന്നായ എഴുത്തച്ഛൻ സ്റ്റേജിൽ നടക്കുന്ന മൂന്ന് പരിപാടികൾക്കാണ് ഏഷ്യൻ പെയിന്റ്സ് പങ്കാളിത്തം വഹിക്കുന്നത്. എത്നിക് മ്യൂസിക് ഫോക്കിന്റെ സോൾ ഓഫ് ഫോക്ക്, സ്റ്റീഫൻ ദേവസിയും അത്തം കലാ സമിതിയും സഹകരിച്ച് നടത്തുന്ന സംഗീത പരിപാടി., അഗമിന്റെ സമകാലിക ഫ്യൂഷൻ സംഗീതം എന്നീ പരിപാടികളുമായാണ് ഏഷ്യൻ പെയിന്റ്സ് സഹകരിക്കുന്നത്.പരിപാടിയുടെ ഭാഗമായി ഏഷ്യൻ പെയിന്റ്സ് എക്സ് എക്സ് എക്സ് കളക്റ്റീവുമായി സഹകരിച്ച് രൂപകൽപ്പന ചെയ്ത ജ്ഞാനപീഠ ജേതാക്കളായ എംടി വാസുദേവൻ നായരുടെയും ജി ശങ്കരക്കുറുപ്പിന്റെയും ചുവർചിത്രങ്ങൾ സമർപ്പിക്കും. എം.ടി വാസുദേവൻ നായരുടെ 'നമുക്ക് ഭൂതകാലമില്ല' , ജി.ശങ്കരക്കുറുപ്പിന്റെ 'ജീവന്റെ മാറ്റത്തോടൊപ്പം ഭൂമിയും അതിന്റെ രൂപം മാറും'എന്ന വാചകങ്ങളാണ് ചുവർചിത്രത്തിലുള്ളത്. ഏഷ്യൻ പെയിന്റ്സിന്റെ പിന്തുണയോടെയുള്ള സംഗീത പരിപാടികൾ ഉൾപ്പെടെ മേളയിലുടനീളം സർഗ്ഗാത്മകതയുടെ പ്രമേയങ്ങളുമായി സഹകരിക്കുമെന്ന് ഏഷ്യൻ പെയിന്റ്സ് എംഡിയും സിഇഒയുമായ അമിത് സിങ്ങളെ പറഞ്ഞു.

# യെസ് ബാങ്കിന് 612 കോടി അറ്റാദായം

**കൊച്ചി:** ഇന്ത്യയിലെ ആറാമത്തെ വലിയ സ്വകാര്യ മേഖലയിലെ ബാങ്കായ യെസ് ബാങ്ക്, 2025 സാമ്പത്തിക വർഷത്തെ മൂന്നാം പാദ ഫലങ്ങൾ പ്രഖ്യാപിച്ചു, അറ്റാദായം മുൻ വർഷം ഇതേ കാലയളവിനെക്കാൾ 164.5% വർധിച്ച് 612 കോടി രൂപയായി. രാം പാദത്തെക്കാൾ 10.7% മാണ് വർധന. ബാങ്കിൻറെ പ്രവർത്തന ലാഭം മൂന്നാം പാദത്തിൽ 1,079 കോടി രൂപയായി. 24.9% മാണ് വർധന.അറ്റ പലിശ വരുമാനം 10.2% വർദ്ധിച്ച് 2,224 കോടി രൂപയിലെത്തി, പലിശേതര വരുമാനം 1,512 കോടി രൂപയാണ്. 26.6% മാണ് വർധന.മൊത്തം നിക്ഷേപങ്ങൾ 14.6% വർധന രേഖപ്പെടുത്തി. കാസ അനുപാതം 33.1% ആയി.എസ്എംഇ, മിഡ്കോർപ്പറേറ്റ്, കോർപ്പറേറ്റ് വായ്പകളുടെ പിന്തുണയോടെ അറ്റ വായ്പകൾ 12.6 ശതമാനം വർധന രേഖപ്പെടുത്തി.ബാങ്ക് തുടർച്ചയായി ലാഭം നേടുന്ന അഞ്ചാം പാദമാണിതെന്ന് യെസ് ബാങ്കിൻറെ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ പ്രശാന്ത് കുമാർ പറഞ്ഞു.

# ടാറ്റ എഐഎ ലൈഫിന്റെ 'ശുഭ് മുഹൂർത്ത്

**കൊച്ചി:** ടാറ്റ എഐഎ ലൈഫ് ഇൻഷുറൻസ് നൂതന ലൈഫ് ഇൻഷുറൻസ് സ്കീമായ ശുഭ് മുഹൂർത്ത് അവതരിപ്പിച്ചു. നിക്ഷേപത്തിന് സുരക്ഷ ഉറപ്പ് നൽകുന്ന ഇക്വിറ്റി നിക്ഷേപ അവസരം കൂടി ഉൾപ്പെട്ട കാപ്പിറ്റൽ ഗ്യാരണ്ടി പ്ലാനാണ് ശുഭ് മുഹൂർത്ത്.വിവാഹത്തിന് ആവശ്യമായ ധനം വളരെ കൃത്യതയോടെ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഈ ആസൂത്രണം നിരവധി വർഷങ്ങൾ തന്നെ വേണ്ടിവരുന്ന ഒന്നാണ്. സമ്പാദ്യങ്ങൾക്കൂ അച്ചടക്കമുള്ള ഒരു സമീപനം പ്രദാനം ചെയ്യാൻ ലൈഫ് ഇൻഷുറൻസ് പദ്ധതികൾക്ക് സാധിക്കും. തീർത്തും അപ്രതീക്ഷിതമായ സാഹചര്യങ്ങളിൽ പോലും മക്കളുടെ വിവാഹ സങ്കൽപ്പങ്ങൾക്കൊത്ത് അവ നിർവഹിച്ചുകൊടുക്കാൻ മാതാപിതാക്കൾക്ക് ഇതിലൂടെ സാധിക്കുമെന്ന് ടാറ്റ എ ഐ എ മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ വെങ്കി അയ്യർ പറഞ്ഞു.ഒന്നു മുതൽ 20 വയസുവരെ പ്രായമുള്ള കുട്ടികളുള്ള 31നും 50 വയസിനും ഇടയിലുള്ള മാതാപിതാക്കൾക്ക് ഏറ്റവും അനുയോജ്യമായ പദ്ധതിയാണ് ശുഭ് മുഹൂർത്ത്. പണം ആവശ്യമായ വേളകളിൽ കൃത്യമായി അത് ലഭ്യമാക്കുന്നു എന്നതാണ് ശുഭ് മുഹൂർത്ത് പദ്ധതിയുടെ സവിശേഷത. തങ്ങൾ അടച്ച പ്രീമിയം സുരക്ഷിതമാണെന്ന ബോധം മാതാപിതാക്കൾക്ക് നല്കാൻ കഴിയുന്നതിലൂടെ സാമ്പത്തിക സുരക്ഷിതത്വവും മനസമാധാനവും ഉറപ്പുനൽകുന്നു. തങ്ങളുടെ വിവാഹ പദ്ധതികൾക്ക് ഭംഗം വരാത്ത രീതിയിൽ ഫണ്ട് ഉറപ്പുവരുത്താൻ ഉപഭോക്താക്കൾക്ക് ഇതിലൂടെ സാധിക്കുന്നു. ജീവിതത്തിലെ മറ്റ് ലക്ഷ്യങ്ങൾക്ക് തടസമാവാത്ത രീതിയിൽ ഏറ്റവും ആഡംബരമേറിയ വിവാഹങ്ങൾ എല്ലാ പകിട്ടോടെയും നടത്താനുള്ള സാമ്പത്തിക സ്രോതസ് ഈ നിക്ഷേപം ഉറപ്പുതരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

TATA AIA
LIFE INSURANCE

# ജിയോ ഭാരത് ഫോണിൽ സൗജന്യ സൗണ്ട് പേ ഫീച്ചർ

**മുംബൈ/കൊച്ചി:** ജിയോ ഭാരത് ഫോണിൽ സൗജന്യമായി ജിയോസൗണ്ട് പേ സംവിധാനം ഒരുക്കി ജിയോ.അഞ്ച് കോടിയോളം വരുന്ന രാജ്യത്തെ ചെറുകിട വ്യാപാരികൾക്ക് ഗുണം ചെയ്യുന്ന പദ്ധതിയാണിത്. ഓരോ യുപിഐ പേമെന്റ് സ്വീകരിക്കപ്പെടുമ്പോഴും തൽസമയം വിവിധ ഭാഷകളിൽ ഓഡിയോ കൺഫർമേഷൻ ലഭിക്കുന്ന സേവനമാണ് ജിയോ അവതരിപ്പിക്കുന്നത്. ജിയോസൗ്പേ സംവിധാനത്തിൽ പ്രവർത്തിക്കുന്നതിനാൽ വേറെ സൗ് ബോക്സ് ചെറുകിട കച്ചവടക്കാർക്ക് സ്ഥാപിക്കേണ്ടില്ലെന്ന് കമ്പനിയുടെ പ്രസിഡന്റ് സുനിൽ ദത്ത് പറഞ്ഞു.വഴിയോരകച്ചവടക്കാർ, പച്ചക്കറി വിൽപ്പനക്കാർ, തട്ടുകടകൾ തുടങ്ങി ചെറുകിട കച്ചവടം നടത്തുന്ന കോടിക്കണക്കിന് ആളുകൾക്കാണ് ഇത് ഗുണം ചെയ്യുന്നത്. നിലവിൽ പേമെന്റ് റിസീവ് ചെയ്യുമ്പോൾ ലഭിക്കുന്ന ശബ്ദ സന്ദേശത്തിന് സൗ് ബോക്സ് ആവശ്യമാണ്. ഇതിനായി പ്രതിമാസം 125 രൂപയാണ് ചെറുകിട കച്ചവടക്കാർ നൽകേണ്ടത്. ഇനി സൗജന്യമായി ലഭിക്കുന്ന ജിയോസൗ് പേയിലൂടെ ജിയോഭാരത് ഉപഭോക്താക്കൾക്ക് പ്രതിവർഷം 1500 രൂപ ഈ ഇനത്തിൽ തന്നെ ലാഭിക്കാവുന്നതാണെന്നും സുനിൽ ദത്ത് പറഞ്ഞു.

# ഡിജിറ്റൽ യുഗത്തിൽ സൈബർ ശത്രുവിനെ തിരിച്ചറിയണം: മനോജ് എബ്രഹാം

**കൊച്ചി:** സൈബർ കുറ്റകൃത്യങ്ങൾ വർധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ സൈബർ ശത്രുവിനെ ഓരോ മനുഷ്യരും തിരിച്ചറിയണമെന്നും ഡിജിറ്റൽ യുഗത്തിൽ ആരും ക്രിമിനൽ ആകാമെന്നും മനോജ് എബ്രഹാം പറഞ്ഞു. കൊച്ചി ജെയിൻ യൂണിവേഴ്സിറ്റി ആതിഥേയത്വം വഹിക്കുന്ന സമ്മിറ്റ് ഓഫ് ഫ്യൂച്ചറിൽ്ലൈ സബർ സുരക്ഷാ വിഷയത്തെക്കുറിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.എപ്പോൾ വേണമെങ്കിലും ആരാലും ഹാക്ക് ചെയ്യപ്പെടാവുന്ന സാഹചര്യത്തിലാണ് ഇന്ന് നാം ജീവിക്കുന്നത്. സംഘടന, വ്യവസ്ഥിതി, സ്ഥാപനം, ഡിവൈസ്, ഡെസ്ക്ടോപ്, മൊബൈൽ എന്ന് വേണ്ട ആരാലും ആക്രമിക്കപ്പെടാം. സൈബർ ആക്രമണങ്ങളുടെ വ്യാപ്തി മറ്റ് ആക്രമണങ്ങളേക്കാൾ വലുതാണ്. ഡിജിറ്റൽയുഗത്തിന്റെ വളർച്ചയ്ക്ക് അനുസരിച്ച് കുറ്റകൃത്യങ്ങളും വളരുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

മാത്രമല്ല, ഇന്റർനെറ്റ് കുറ്റകൃത്യങ്ങൾ ഹാക്കിങ്ങിൽ മാത്രം ഒതുങ്ങുന്നതല്ല. ടർക്കി ഓയിൽ പൈപ്പ്ലൈൻ, ജെർമ്മൻ സ്റ്റീൽ ഫാക്ടറി ബ്ലാസ്റ്റ്, ഫ്ലോറിഡ വാട്ടർ സപ്ലൈ ആക്രമണം തുടങ്ങിയവയെല്ലാം ഇന്റർനെറ്റ് ഉപയോഗിച്ച് നടത്തിയ തീവ്രവാദ ആക്രമണങ്ങളാണ്. വെറുമൊരു ഇന്റർനെറ്റ് കണക്ഷൻ ഉപയോഗിച്ച് മനുഷ്യരുടെ ജീവനും സ്വത്തിനും അപായമുണ്ടാക്കാൻ തക്ക വലിയ ഭീകരാക്രമണങ്ങൾ നമ്മുടെ ലോകത്ത് നടന്നിട്ടുള്ളതിന്റെ ഉദാഹരണമാണ് ഇവയെല്ലാമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.ഒരാൾക്ക് മറ്റൊരു വ്യക്തിയെയോ വിഭാഗത്തെയോ ആക്രമിക്കണമെങ്കിൽ ബോംബോ മിസൈലോ ഒന്നും വേണ്ട. ആർക്കും



എവിടെയിരുന്നും ആക്രമണം നടത്തുന്നതിന് ന്റർനെറ്റ് മാത്രം മതിയെന്ന് ഇതിനോടകം തെളിഞ്ഞതാണ്. ഇതിനുള്ള ഏക പരിഹാരം സ്വയം സുരക്ഷയും അവബോധവുമാണ്. 'എപ്പോഴും ഇന്റർനെറ്റാൽ ആക്രമിക്കപ്പെടാവുന്നവരാണെന്നുള്ള ബോധ്യത്തിൽ ജീവിക്കുക. നിങ്ങളുടെ സൈബർ ശത്രുവിനെ തിരിച്ചറിയാനുള്ള കഴിവുണ്ടാക്കിയെടുക്കുക. സമൂഹമാധ്യമങ്ങളിൽ പരിചയപ്പെടുന്ന ആരെയും കണ്ണടച്ച് വിശ്വസിക്കരുത്. ആളുകളെ തന്നെ വെരിഫൈ ചെയ്യണമെന്നും മനോജ് എബ്രഹാം പറഞ്ഞു.കൂടാതെ സ്ഥാപനങ്ങളുടെയും വ്യക്തികളുടെമെല്ലാം വിവരങ്ങൾ വലിയ തോതിൽ ഹാക്ക് ചെയ്യപ്പെടുന്ന ഈ കാലത്ത് നമ്മുടെ ബാക്ക്അപ് മാനേജ്മെന്റ് സിസ്റ്റം കൂടുതൽ ശക്തമാക്കുന്നതിനെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. "എന്നിരുന്നാലും സൈബർ സുരക്ഷയുടെ ആകെത്തുകയെന്തെന്നാൽ നമ്മൾ ഇതിനെക്കുറിച്ച് പഠിച്ചുകൊണ്ടും പഠിപ്പിച്ചുകൊണ്ടും ഇരിക്കുകയെന്നും അദ്ദേഹം വ്യക്തമാക്കി.

## അവസാന തീയതി 30 വരെ നീട്ടി

കൊച്ചി: സമ്മിറ്റ് ഓഫ് ഫ്യൂച്ചറിന്റെ ഭാഗമായി സ്കൂൾ കോളജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച വിവിധ മത്സരങ്ങൾക്ക് വൻ പ്രതികരണം. അവസാന ദിനവും അപേക്ഷകരുടെ എണ്ണം വർദ്ധിച്ചതോടെ അവസാന തീയതി 30 വരെ നീട്ടിയതായി സമ്മിറ്റ് ഓഫ് ഫ്യൂച്ചർ സംഘടക സമിതി അറിയിച്ചു. ഭാവി ലോകത്തെക്കുറിച്ചുള്ള തങ്ങളുടെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കാൻ പ്ലസ്ടുകോളജ് വിദ്യാർത്ഥികൾക്ക് അവസരം നൽകിയ സ്പീക്ക് ഫോർ ഫ്യൂച്ചർ, മികച്ച സ്റ്റാർട്ടപ്പ് ആശയത്തെ കണ്ടെത്തുന്നതിനുള്ള പിച്ചത്തോൺ, റീഇമാജിൻ വേസ്റ്റ്: ട്രാൻസ്ഫോമിങ് ട്രാഷ് ഇൻടു ട്രഷർ എന്നീ മത്സരങ്ങളാണ് നടത്തുന്നത്. വിജയികൾക്ക് ഒരുലക്ഷം രൂപയാണ് സമ്മാനം. കൂടാതെ, സ്പീക്ക് ഫോർ ഫ്യൂച്ചറിൽ മികച്ച പ്രകടനം കാഴ്ച്ച വെക്കുന്നവർക്ക് സമ്മിറ്റ് ഓഫ് ഫ്യൂച്ചർ വേദിയിൽ സംസാരിക്കാൻ അവസരവും ലഭിക്കും.

## സർവ്വീസ് ആന്റ് റിപ്പയറിംഗ് ക്യാമ്പ്

**കൊച്ചി:** കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, കൃഷി എഞ്ചിനിയറിംഗ് വിഭാഗം സംസ്ഥാനമൊട്ടാകെ നടത്തിവരുന്ന, കാർഷിക യന്ത്രോപകരണങ്ങളുടെ സർവ്വീസ് ആന്റ് റിപ്പയറിംഗ് ക്യാമ്പുകളുടെ ഭാഗമായുള്ള, ആലങ്ങാട് ബ്ലോക്കിലെ രണ്ടാം ഘട്ട ക്യാമ്പ്, കോട്ടപ്പുറത്തുള്ള ആലങ്ങാട് എ.ഡി.എ. ഓഫീസിൽ ഫെബ്രുവരി 29ന് രാവിലെ 10 ന് നടത്തും. കർഷകരുടെയും കാർഷിക കൂട്ടായ്മകളുടെയും സ്വകാര്യ വ്യക്തികളുടെയും കേടുപാടുകൾ സംഭവിച്ച്, പ്രവർത്തന രഹിതമായി കിടക്കുന്ന, കാർഷിക യന്ത്രസാമഗ്രികൾ ക്യാമ്പിൽ പ്രവർത്തന ക്ഷമമാക്കും.യന്ത്രങ്ങളുടെ റിപ്പയറിംഗും മൈനർ റിപ്പയറുകൾക്ക് ആവശ്യമായ സ്പെയർ പാർട്സുകളുടെ വിലയും സൗജന്യമായിരിക്കും (പരമാവധി 1,000 രൂപ).കാർഷിക യന്ത്രങ്ങൾ റിപ്പയർ ചെയ്യാൻ ആഗ്രഹിക്കുന്ന വ്യക്തകൾക്കും കർഷക സംഘങ്ങൾക്കും ഇപ്പോൾ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫോമുകൾക്കും അതതു കൃഷിഭവനുകളുമായോ ആലങ്ങാട് എ.ഡി.എ. ഓഫീസുമായോ എറണാകുളം കാക്കനാടുള്ള കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയവുമായോ ബന്ധപ്പെടുക. ക്യാമ്പിൽ കാർഷിക മേഖലയിൽ ചെലവ് കുറഞ്ഞ രീതിയിൽ യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കി വരുന്ന സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ, ഡ്രിപ്പ് ഇറിഗേഷൻ എന്നീ പദ്ധതികളുടെ സ്പോട്ട് രജിസ്ട്രേഷൻ ഉണ്ടായിരിക്കും. ഇതിനായി കർഷകൻ, ആധാർ കാർഡ്, പാസ്പോർട്ട് സൈസ് ഫോട്ടോ, കരം അടച്ച രസീത്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവയും എസ്.സി./എസ്.ടി. വിഭാഗക്കാർ അംഗീകൃത ആനുകൂല്യം ലഭ്യമാകുന്നതിന് ജാതി സർട്ടിഫിക്കറ്റും ഹാജരാക്കണം.

# സർഗോൽസവം 'ഭാവന ' അരങ്ങേറി

## തുറവൂർ സാൻജോ സദൻ സ്പെഷ്യൽ സ്കൂൾ ഓവറോൾ ചാമ്പ്യന്മാർ




കൊച്ചി: ഭിന്നശേഷിക്കാരായ കുട്ടികൾക്കായി റോട്ടറി കൊച്ചിൻ ഇന്റർനാഷണൽ സംഘടിപ്പിച്ച സർഗോൽസവം 'ഭാവന 2025ൽ മാനസിക ഭിന്നശേഷി വിഭാഗത്തിൽ സാൻജോ സദൻ സ്പെഷ്യൽ സ്കൂൾ തുറവൂർ ഓവറോൾ ചാമ്പ്യന്മാരായി. ശാരീരിക ഭിന്നശേഷി വിഭാഗത്തിൽ ഹോം ഓഫ് ഫെയ്ത്ത് ചിറ്റേത്തുകരയും ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി.

മാനസിക ഭിന്നശേഷി വിഭാഗത്തിൽ അനുഗ്രഹ നികേതൻ സ്പെഷ്യൽ സ്കൂൾ പന്നിമറ്റം രണ്ടാം സ്ഥാനവും കരുണ സ്പെഷ്യൽ സ്കൂൾ നായരമ്പലം മൂന്നാം സ്ഥാനവും നേടി. ശാരീരിക ഭിന്നശേഷി വിഭാഗത്തിൽ ഡയർ സ്കൂൾ മൂന്നാർ രണ്ടാം സ്ഥാനവും ഫാ. അഗസ്റ്റിനോ വിസിനിസ് സ്പെഷൽ സ്കൂൾ മുണ്ടംവേലി മൂന്നാം സ്ഥാനവും നേടി.

ഹൈക്കോടതി ജസ്റ്റിസ് വി ജി അരുൺ, റോട്ടറി ഡിസ്ട്രിക്ട് നിയുക്ത ഗവർണർ ഡോ. ജി എൻ രമേശ്, നെസ്റ്റ് ഗ്രൂപ്പ് വൈസ് പ്രസിഡന്റ് പി സി രജീത് എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. കാക്കനാട് ചെമ്പുമുക്ക് അസീസി വിദ്യാനികേതൻ പബ്ലിക്ക് സ്കൂളിൽ നടന്ന പരിപാടികൾക്ക് റോട്ടറി കൊച്ചിൻ ഇന്റർനാഷണൽ പ്രസിഡന്റ് റെജി സക്കറിയ അധ്യക്ഷത വഹിച്ചു. റോട്ടറി അസിസ്റ്റന്റ് ഗവർണർ ടോമി സക്കറിയ, ബാലഗോപാൽ തുടങ്ങിയവർ പ്രസംഗിച്ചു. ഭാവന ചെയർമാൻ മനോജ് കുമാർ സ്വാഗതവും റോട്ടറി കൊച്ചിൻ ഇന്റർനാഷണൽ മുൻ പ്രസിഡന്റ് ഡോ. സോണി ജോർജ് നന്ദിയും പറഞ്ഞു.

ആർ സി ഐ ഭാവന 2025 അച്ചീവർ അവാർഡ് ക്യാപ്റ്റൻ ഗോപാലകൃഷ്ണനും നിത്യ ഗോപാലകൃഷ്ണനും സമ്മാനിച്ചു.

# വിമാർക്ക് ഇനി കേരളത്തിലും




**കൊച്ചി:** രാജ്യത്തെ പ്രമുഖ വയറിങ്,കേബിൾ ഉൽപ്പന്നങ്ങളുടെ നിർമാതാക്കളായ വിമാർക്ക് ഇന്ത്യ ലിമിറ്റഡ് കേരളത്തിൽ ചുവടുറപ്പിക്കുന്നു. നൂതനവും അത്യാധുനിക സാങ്കേതിക വിദ്യയോടും കൂടി നിർമിച്ച പുത്തൻ ശ്രേണിയിലെ കേബിളുകൾ അവതരിപ്പിച്ചുകൊണ്ടാണ് കേരളത്തിലെ കമ്പനിയുടെ അരങ്ങേറ്റം. ഇലക്ട്രോൺ ബീം ടെക്നോളജി ഉപയോഗിച്ച് നിർമിച്ച ഫ് ളെക്സി ടഫ് ഇബിഎച്ച്.എഫ്.എഫ്.ആർ വയറുകളും ഇബി പ്ലസ് പവർ കേബിളുകളുമാണ് കൊച്ചിയിൽ നടന്ന ചടങ്ങിൽ പുറത്തിറക്കിയത്.ഇന്ത്യയിലെ ഏറ്റവും വേഗത്തിൽ വളരുന്ന വയറിങ്,കേബിൾ കമ്പനിയാണ് വിമാർക്ക്. ഓഹരിവിപണിയിൽ ലിസ്റ്റ് ചെയ്തിട്ടുള്ള സ്ഥാപനമാണിതെന്ന് കമ്പനിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ദീപക് ടിക്ലെ പറഞ്ഞു. പരിസ്ഥിതിസൗഹൃദ ഊർജത്തിനും ഊർജ്ജക്ഷമതയ്ക്കും ഡിമാൻഡ് കൂടിവരുന്ന ഘട്ടത്തിലാണ് കേരളത്തിലും ഇബീം ടെക്നോളജി ഉപയോഗിച്ച് നിർമിച്ച ഉൽപ്പന്നങ്ങൾ പുറത്തിറക്കുന്നതെന്നും ദീപക് ടിക്ലെ പറഞ്ഞു. ഉപഭോക്താക്കൾക്കും നിക്ഷേപകർക്കും വേണ്ടി കൂടുതൽ മികച്ച പ്രകടനം കാഴ്ചവെക്കുന്ന നിലയിലേക്ക് കമ്പനിയുടെ ഉൽപ്പന്നനിര വിപുലീകരിക്കാനാണ് നീക്കം. അതിനായി പുതിയ വിപണിസാദ്ധ്യതകൾ കണ്ടെത്തുമെന്നും ദീപക് ടിക്ലെ പറഞ്ഞു. കമ്പനി പുതുതായി അവതരിപ്പിച്ച ഫ്ളെക്സി ടഫ് ഇബിഎച്ച്.എഫ്.എഫ്.ആർ വയറുകളിലും ഇബി പ്ലസ് പവർ കേബിളുകളിലും സ്വന്തമായി വികസിപ്പിച്ചെടുത്ത പ്രത്യേക ഇൻസുലേഷൻ ആണ് സുരക്ഷയ്ക്കായി നൽകിയിരിക്കുന്നത്. പെട്ടെന്ന് തീപിടിക്കാൻ സാധ്യതയുള്ള പിവിസിക്ക് പകരം ക്രോസ് ലിങ്ക്ഡ് പോളിയോലെഫിൻ ഉപയോഗിച്ചുള്ള പ്രത്യേക പദാർത്ഥമാണ് ഇതിനായി ഉപയോഗിച്ചിരിക്കുന്നത്. ഷോർട് സർക്യൂട് ഒഴിവാക്കാൻ ഈ പദാർത്ഥം മികച്ചതാണ്. 60 വർഷത്തോളം ഇവ ഈടുനിൽക്കും.

ഡീലർമാരും വിതരണക്കാരുമായി ആഴത്തിലുള്ള ബന്ധം സ്ഥാപിച്ച് പരസ്പര സഹകരണത്തിലൂടെ ഇന്ത്യയിലുടനീളം വളർച്ച കൈവരിക്കാനാണ് കമ്പനിയുടെ ശ്രമമെന്ന് വിമാർക്ക് ഇന്ത്യയുടെ സെയിൽസ് ആൻഡ് മാർക്കറ്റിംഗ് വിഭാഗം വൈസ് പ്രസിഡന്റ് എ.എൻ. രമേശ് കുമാർ പറഞ്ഞു.ഗാർഹിക, വാണിജ്യാവശ്യങ്ങൾക്ക് പുറമെ ആരോഗ്യരംഗത്തും വ്യവസായരംഗത്തും അടിസ്ഥാനസൗകര്യനിർമാണ രംഗത്തിനും അനുയോജ്യമായ ഉൽപ്പന്നങ്ങൾ വിമാർക്ക് വിപണിയിലെത്തിക്കുന്നുണ്ട്. മീഡിയം വോൾട്ടേജ് കവേർഡ് കണ്ടക്ടർ രംഗത്തും ഇൻസ്ട്രുമെന്റേഷൻ, കൺട്രോൾ കേബിൾസ്, വാഹനങ്ങളിൽ ഉപയോഗിക്കുന്ന വയറുകൾ, കൂടാതെ സ്വിച്ചുകൾ, എം.സി.ബികൾ, ഫാനുകൾ, ഗീസറുകൾ, തുടങ്ങിയ ഉപകരണങ്ങളും കമ്പനി പുറത്തിറക്കുന്നുണ്ട്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com